2023 ആഗസ്റ്റ് 19

സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന YMEF ദ്വൈവാരിക

# സുവിശേഷധ്വനി

Suviseshadhwani

SUVISESHADHWANI FORTNIGHTLY • REG. NO. RN. 29475/1978, REG. NO. KL/TV (S)/396/2022-24 • VOL. 41. • ISSUE 50 • പുസ്തകം 41 • ലക്കം 50 • പേജ് 6

# നിങ്ങൾ എനിക്ക് പണിയുന്ന ആലയം ഏതുവിധം?

## (യെശയ്യാവ് 66:1)

**ജോൺ ജോർജ്, ഷില്ലോങ്**

**സമാഗമന കൂടാരത്തിന് ഒരു രൂപരേഖ ഉള്ളതുപോലെ ദൈവം വസിക്കുവാൻ ആഗ്രഹിക്കുന്ന, ദൈവം പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്ന, ദൈവമന്ദിരമായ മനുഷ്യന്റെ രൂപരേഖ എങ്ങനെയായിരിക്കണമെന്നാണ് ഇവിടെ വ്യക്തമാക്കുന്നത്.**

യെശയ്യാ പ്രവചനം അറുപത്തിയാറാം അധ്യായം ആരംഭിക്കുന്നത് സ്വർഗ്ഗത്തിലെ ദൈവത്തിന്റെ ഒരു ചോദ്യത്തോടു കൂടിയാണ്. അതിങ്ങനെയാണ്: "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു: സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു; നിങ്ങൾ എനിക്ക് പണിയുന്ന ആലയം ഏതുവിധം? എന്റെ വിശ്രമസ്ഥലവും ഏത്?".

യിസ്രായേൽ മക്കളുടെ മരുപ്രയാണത്തിൽ യഹോവയായ ദൈവം ഒരു സമാഗമന കൂടാരം ഉണ്ടാക്കുന്നതിന് കൽപ്പന കൊടുത്തു. "നീ കണ്ട മാതിരിക്കൊത്തവണ്ണം അതിനെ തീർക്കണമെന്ന് മോശെയോട് അരുളിച്ചെയ്തവൻ കൽപ്പിച്ചതുപോലെ നമ്മുടെ പിതാക്കന്മാർക്ക് മരുഭൂമിയിൽ സാക്ഷ്യകൂടാരം ഉണ്ടായിരുന്നു" (അപ്പൊ. പ്രവൃ. 7:44).

ദൈവം കൽപ്പന കൊടുത്തിട്ട്, സമാഗമന കൂടാരത്തിന്റെ രൂപരേഖ മോശെയ്ക്ക് കൈമാറി. അങ്ങനെ യിസ്രായേൽമക്കൾ പണികഴിപ്പിച്ച കൂടാരമാണ് സമാഗമന കൂടാരം. ഇതിന്റെ നിർമ്മിതിക്ക് ആവശ്യമായ കൽപ്പനകൾ കൊടുക്കുന്ന സമയത്താണല്ലോ യിസ്രായേൽ ജനം ദൈവത്തിന്റെ കൽപ്പനകളെ വിട്ടുമാറി കാളക്കുട്ടിയെ വാർത്തുണ്ടാക്കി അതിനെ ആരാധിക്കുന്നത്. പുറപ്പാട് പുസ്തകം നാൽപ്പതാം അധ്യായത്തിൽ, യഹോവയുടെ കൽപ്പന അനുസരിച്ച് പണി അവർ പൂർത്തിയാക്കി. യഹോവ മോശെയോട് കൽപ്പിച്ചതുപോലെ തന്നെ മോശെ പ്രവൃത്തി പൂർത്തിയാക്കി. അപ്പോൾ മേഘം സമാഗമന കൂടാരത്തെ മൂടി. യഹോവയുടെ തേജസ് അതിനെ നിറച്ചു എന്ന് നാം കാണുന്നു.

എന്നാൽ യെരുശലേം ദേവാലയം എന്നതോ; അത് ദാവീദിന്റെ ഒരു ആഗ്രഹമായിരുന്നു. അവന് ദൈവത്തിന്റെ മുമ്പാകെ കൃപ ലഭിച്ചു. യാക്കോബിന്റെ ദൈവത്തിന് ഒരു വാസസ്ഥലം ഉണ്ടാക്കുവാൻ അനുവാദം ചോദിച്ചു. തനിക്ക് അത് നിഷേധിക്കപ്പെട്ടു എങ്കിലും മകനായ ശലോമോൻ ആലയം പണിതു.

എന്നാൽ ദൈവം ചോദിക്കുന്ന ചോദ്യം ഇതാണ്: "സ്വർഗ്ഗം എന്റെ സിംഹാസനവും ഭൂമി എന്റെ പാദപീഠവും ആകുന്നു; നിങ്ങൾ എനിക്ക് പണിയുന്ന ആലയം ഏതുവിധം?".

എന്റെ വിശ്രാമസ്ഥലവും ഏത്? ഇതൊക്കെയും എന്റെ കൈ അല്ലയോ ഉണ്ടാക്കിയത് എന്ന് കർത്താവ് അരുളിച്ചെയ്യുന്നു. തുടർന്ന് നാം വായിക്കുന്നത്: 'എങ്കിലും അരിഷ്ടനും മനസ്സ് തകർന്നവനും എന്റെ വചനത്തിൽ വിറയ്ക്കുന്നവനുമായ മനുഷ്യനെ ഞാൻ കടാക്ഷിക്കും'.

സമാഗമന കൂടാരത്തിന് ഒരു രൂപരേഖ ഉള്ളതുപോലെ ദൈവം വസിക്കുവാൻ ആഗ്രഹിക്കുന്ന, ദൈവം പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്ന, ദൈവമന്ദിരമായ മനുഷ്യന്റെ രൂപരേഖ എങ്ങനെയായിരിക്കണമെന്നാണ് ഇവിടെ വ്യക്തമാക്കുന്നത്. ദൈവം വസിക്കുന്ന ആലയമായ ഹൃദയത്തിന്റെ മൂന്നു പ്രധാനപ്പെട്ട അളവുകൾ ആണ് സ്വർഗ്ഗത്തിലെ ദൈവം ഇവിടെ വ്യക്തമാക്കിയിരിക്കുന്നത്.

**1. അരിഷ്ടൻ**

അരിഷ്ടൻ എന്ന വാക്ക് തിരുവെഴുത്തിൽ പല സ്ഥലങ്ങളിലും നമുക്ക് കാണാൻ കഴിയും. ഈ വാക്കുകൊണ്ട് ദൈവം ഉദ്ദേശിക്കുന്നത് താഴ്മയും വിനയവും, ഒരു വ്യക്തിയുടെ ആത്മാവിൽ ഉള്ള ദാരിദ്ര്യ അവസ്ഥയും ആണ്. കർത്താവ്ഗിരിപ്രഭാഷണം ആരംഭിക്കുന്നതു തന്നെ "ആത്മാവിൽ ദരിദ്രരായവർ ഭാഗ്യവാന്മാർ; സ്വർഗ്ഗരാജ്യം അവർക്കുള്ളതാകുന്നു" എന്ന് പറഞ്ഞുകൊണ്ടാണ്.

ദൈവസന്നിധിയിലേക്ക് ഒരു വ്യക്തി കടന്നുവരുന്നതിന് അല്ലെങ്കിൽ രക്ഷിക്കപ്പെടുന്നതിനുള്ള ഒരു അടിസ്ഥാന യോഗ്യതയാണ് ഈ അരിഷ്ടത എന്നുള്ളത്. ദൈവസന്നിധിയിലേക്ക് വരുമ്പോൾ ഒരു വ്യക്തി അരിഷ്ടത അഥവാ ആത്മാവിൽഉള്ള തന്റെ നിസ്സഹായ അവസ്ഥ സമ്മതിക്കേണ്ടതുണ്ട്. എന്നാൽ ഈ അരിഷ്ടത എന്ന നമ്മുടെ മനസ്സിന്റെ അവസ്ഥ നമ്മുടെ ക്രിസ്തീയജീവിതത്തിൽ നാം എപ്പോഴും ഓർത്തിരിക്കേണ്ടതും കർത്താവിന്റെ വരവ് വരെയോ അല്ലെങ്കിൽ നമ്മുടെ മരണം വരെയോ തുടരേണ്ടതുമാണ്. ഈ വാക്കിന് താഴ്മയുള്ളവൻ എന്നുള്ളഒരർത്ഥം കൂടി നമുക്ക് മറ്റു പരിഭാഷകളിൽ കാണാൻ കഴിയും. "ദൈവം നിഗളികളോട് എതിർത്തു നിൽക്കുകയും താഴ്മയുള്ളവർക്ക് കൃപ നൽകുകയും ചെയ്യുന്നു". അഹം എന്ന

▶▶ ശേഷം 4-ാം പേജിൽ

വൈ.എം.ഇ.എഫ്.

## ജനറൽ ക്യാമ്പ്

2023 ആഗസ്റ്റ് 28 തിങ്കൾ 31 വ്യാഴം
വൈകു. 6 മുതൽ ഉച്ചക്ക് 1.30 വരെ

**പെനിയേൽ ബൈബിൾ സെമിനാരി**
പെരുമ്പാവൂർ, കീഴില്ലം

ക്യാമ്പ് തീം
"ക്രിസ്തു യേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക" (2 തിമൊ. 2:4)

പ്രധാന ലീഡേഴ്സ്
**ബ്ര. തോംസൺ ബി. തോമസ്,** മുംബൈ, **ബ്ര. പി.ജി. ജയിംസ്,** പത്തനംതിട്ട, **ബ്ര. കോശി മാത്യു,** മുംബൈ, **ബ്ര. ജെബി കെ. സൈമൺ,** ബിഹാർ

കർത്താവിൽ പ്രിയരെ,

കർത്തൃനാമത്തിൽ സ്നേഹവന്ദനം.

രണ്ട് വർഷത്തിലൊരിക്കൽ കേരളത്തിലെ 4 വൈ.എം.ഇ.എഫ്. ഡിവിഷനുകളും ഒരുമിച്ച് ജനറൽ വൈ.എം.ഇ.എഫ്.ന്റെ ചുമതലയിൽ നടത്തിവരുന്ന ജനറൽ ക്യാമ്പ് കഴിഞ്ഞ വർഷം കോവിഡ് മഹാമാരി മൂലം നടത്തുവാൻ സാധിച്ചില്ല. ദൈവഹിതമായാൽ ഈ വർഷം ഓണം അവധിക്കാലത്ത് പെരുമ്പാവൂർ-കീഴില്ലം പെനിയേൽ ബൈബിൾ സെമിനാരിയിൽ വച്ച് നടത്തുവാൻ കർത്താവിൽ ആശ്രയിച്ച് തീരുമാനിച്ചിരിക്കുകയാണ്. 2023 ആഗസ്റ്റ് 28 തിങ്കൾ മുതൽ 31 വ്യാഴം വരെയാണ് ക്യാമ്പ് നടക്കുന്നത്.

സഭയിലെ എല്ലാ സഹോദരന്മാരെയും ക്യാമ്പിലേക്ക് ക്ഷണിച്ചുകൊള്ളുന്നു. സഹോദരിമാർക്കും ദിവസേന ക്യാമ്പിൽ കടന്നു വന്ന് ബൈബിൾ ക്ലാസുകളിൽ സംബന്ധിക്കാവുന്നതാണ്. ക്യാമ്പിന്റെ അനുഗ്രഹകരമായ നടത്തിപ്പിനായി എല്ലാ സഹോദരീ സഹോദരന്മാരുടെയും പ്രാർത്ഥന അഭ്യർത്ഥിച്ചുകൊള്ളുന്നു.

700 പേരോളം പങ്കെടുക്കുമെന്ന് പ്രതീക്ഷിക്കുന്ന ഈ ജനറൽ ക്യാമ്പിന് ഏകദേശം എട്ടര ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ദൈവമക്കളുടെ ഔദാര്യദാനങ്ങളാലാണ് ക്യാമ്പിന്റെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റപ്പെടുന്നത്. നിങ്ങളുടെ വിലയേറിയ സംഭാവനകൾ താഴെ കാണുന്ന അക്കൗണ്ടിൽ നിക്ഷേപിക്കുകയോ ജനറൽ ട്രഷററുടെ വിലാസത്തിൽ അയച്ച് തരികയോ ക്യാമ്പിൽ എത്തിക്കുകയോ ചെയ്യുവാൻ അപേക്ഷിക്കുന്നു.

താഴെ കാണുന്ന ക്യു.ആർ. കോഡ് ഉപയോഗിച്ചും പണം അയയ്ക്കാവുന്നതാണ്. അയയ്ക്കുന്ന വിവരം ജനറൽ ട്രഷററെ ഫോണിൽ അറിയിക്കുവാൻ അപേക്ഷിക്കുന്നു.

ജനറൽ ക്യാമ്പിനുവേണ്ടി

കെ.വി. ജോസ് (ജനറൽ പ്രസിഡന്റ്), ജേക്കബ് പി. മാത്യു (ജനറൽ സെക്രട്ടറി), വി.കെ. ജോയി കുമാർ (സെക്രട്ടറി, എസ്.ഡി), റുമ്മീസ് എം. മാത്യു (സെക്രട്ടറി, എൻ. ഡി), ബിജു മാത്യു (സെക്രട്ടറി, എച്ച്.ഡി), എ. ഡി. ജെയിംസ് (ക്യാമ്പ് കൺവീനർ), ജോൺ മാത്യു (സെക്രട്ടറി, എം. ഡി)

കൂടുതൽ വിവരങ്ങൾക്ക്
Jacob P. Mathew (General Secretary), Ebenezer House, Kadalavila, Thrikkannamangal, Kottarakkara P.O. - 691506 Ph: 9847000691 E-mail : jacpmathew@gmail.com

### ഉദ്ഘാടന സമ്മേളനം

28-08-2023 ന് 6.30 pm മുതൽ 8.00 pm വരെ
അദ്ധ്യക്ഷൻ : **ബ്ര. മോനച്ചൻ ഏബ്രഹാം** (ജന. വൈസ് പ്രസിഡന്റ്)
ഉദ്ഘാടന സന്ദേശം : **ബ്ര. ഇ.ജെ. പൈലി** (അങ്കമാലി)

### ദിവസേനയുള്ള പ്രധാന പ്രോഗ്രാമുകൾ

**വചനധ്യാനം :** പത്രോസിന്റെ രണ്ടാം ലേഖനം
**ബൈബിൾ ക്ലാസ്**
വിഷയം : ക്രിസ്തുയേശുവിലുള്ള കൃപയാൽ ശക്തിപ്പെടുക
**ബൈബിൾ ക്വിസ്**
29-08-2023 ന് പഴയനിയമം **ബ്ര. വി.എം. തോമസ്** (ഇടുക്കി)
30-08-2023 ന് പുതിയനിയമം **ബ്ര. ജെയിംസ് ജോസഫ്** (കണ്ണൂർ)
**പൊതുയോഗം**
**മിഷനറി സമ്മേളനം :** **ബ്ര. ജെബി കെ. സൈമൺ** (ബീഹാർ)
**സ്പെഷ്യൽ മീറ്റിംഗ് :** വൈ.എം.ഇ.എഫ്. നാൽ വഴികളിലൂടെ **ബ്ര. പ്രമോദ് തോമസ്** (കോട്ടയം)
(വൈ.എം.ഇ.എഫ്. ന്റെ 82 വർഷങ്ങളിലേക്ക് തിരിഞ്ഞുനോട്ടം)
**ഗാനപരിചയം, ചോദ്യോത്തരവേള, സാക്ഷ്യയോഗങ്ങൾ, ടാലന്റ് ടൈം മുതലായവയും** ഉണ്ടായിരിക്കുന്നതാണ്.
**ജനറൽ കമ്മിറ്റി :** 30 -ാം തീയതി ബുധനാഴ്ച രാത്രി 10 മണിക്ക്
**സമാപന സമ്മേളനം :**
31 -ാം തീയതി വ്യാഴാഴ്ച ഉച്ചക്ക് 12 മണി മുതൽ 1.30 വരെ
**സമാപന സന്ദേശം :** **ബ്ര. കോശി മാത്യു**

**ക്യാമ്പിൽ സുവിശേഷ ധ്വനിയുടെ ഓഫീസ് പ്രവർത്തിക്കുന്നതായിരിക്കും.**

**സുവിശേഷധ്വനിയുടെ ബൈബിൾ ക്വിസ്സിന്റെ സമ്മാനങ്ങൾ സമാപന സമ്മേളനത്തിൽ വച്ച് നൽകുന്നു.**

**ക്യാമ്പിൽ ബുക്ക് സ്റ്റാൾ ഉണ്ടായിരിക്കുന്നതാണ്.**

### ക്യാമ്പ് നിബന്ധനകൾ

- ക്യാമ്പ് അംഗങ്ങൾ ആദിയോടന്തം ക്യാമ്പിൽ പങ്കെടുക്കണം.
- ഭക്ഷണവും താമസവും ക്യാമ്പിൽ ക്രമീകരിക്കുന്നതാണ്. പുതപ്പുകൾ അവരവർ കൊണ്ടുവരേണ്ടതാണ്.
- ക്യാമ്പ് രജിസ്ട്രേഷൻ 2023 ആഗസ്റ്റ് 28 ന് 4 മണിക്ക് തന്നെ ആരംഭിക്കുന്നതാണ്. കൃത്യസമയത്തുതന്നെ എത്തിച്ചേരുവാൻ ശ്രമിക്കുക.
- ക്യാമ്പിൽ സഹോദരിമാർക്കും ദിവസേന വന്ന് സംബന്ധിക്കാവുന്നതാണ്.
- ക്യാമ്പിൽ ദിവസേന വന്ന് സംബന്ധിക്കുവാൻ ആഗ്രഹിക്കുന്ന സഹോദരീ സഹോദരന്മാർ രാവിലെ 8.30 ന് ആദ്യത്തെ ബൈബിൾ ക്ലാസ് തുടങ്ങുന്നതിന് മുമ്പായി എത്തിച്ചേരുക.

### ക്യാമ്പിലേക്കുള്ള വഴി

ട്രെയിനിൽ വരുന്നവർ ആലുവ സ്റ്റേഷനിൽ ഇറങ്ങി കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാന്റിൽ നിന്നും പെരുമ്പാവൂർ വഴി മൂവാറ്റുപുഴക്ക് പോകുന്ന ബസിൽ കയറി കീഴില്ലം കനാൽ ജംഗ്ഷനിൽ ഇറങ്ങുക.

ബസിൽ വരുന്നവർ ഫാസ്റ്റ് ബസിൽ ആണെങ്കിൽ കീഴില്ലം ജംഗ്ഷനിൽ ഇറങ്ങി ക്യാമ്പ് സെന്ററിൽ എത്താം. ചില ബസുകൾ ക്യാമ്പ് സെന്ററിനു കുറച്ച് അകലെയുള്ള 'പരുത്തുവയൽ' ഹോസ്പിറ്റൽ ജംഗ്ഷനിൽ നിർത്തും.

### ക്യാമ്പ് ഫീസ്

ഭക്ഷണം, താമസം എന്നിവയ്ക്കു തന്നെ ഒരാൾക്ക് 1200 രൂപയിൽ അധികം ചെലവ് വരും. എങ്കിലും നിശ്ചിത ക്യാമ്പ് ഫീസ് ഏർപ്പെടുത്തിയിട്ടില്ല. ക്യാമ്പിന്റെ ആവശ്യങ്ങൾക്കായി പരമാവധി തുക സംഭാവനയായി തന്ന് സഹായിക്കുക.

### ACCOUNT DETAILS

Bank : UNION BANK OF INDIA HEMAMBIKA NAGAR PALAKKAD
Name : **JOHN MATHEWS P**
A/C No : 478902010204303
IFSC : UBIN0547891

Address of Treasurer
**Mr. John Mathew,** Ponmalai House, Near Orthodox Church, Akathethara P.O., Palakkad - 678008 Ph: 9605962095

എഡിറ്റോറിയൽ — പേജ് 2
ഫിലേമോൻ ലേഖന പഠനം — പേജ് 3
യുവലോകം — പേജ് 4
മഹത്വത്തിൽ — പേജ് 5
ചിന്ത — പേജ് 6

SUVISESHADHWANI
സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. ദ്വൈവാരിക
2023 ആഗസ്റ്റ് 19/ പുസ്തകം 41 ലക്കം 50

എഡിറ്റോറിയൽ

# "ഇത്രത്തോളം യഹോവ നമ്മെ സഹായിച്ചു..." ഏബെൻ-ഏസെർ

തിരുവനന്തപുരത്തു നിന്നും സുവിശേഷധ്വനിയുടെ നൂറാമത് ലക്കം നിങ്ങളുടെ കരങ്ങളിൽ എത്തിക്കുന്നതിൽ അതിയായ സന്തോഷം ഉണ്ട് ഏതാണ്ട് 4 വർഷങ്ങൾക്കു മുമ്പ് 2019 ലാണ് സുവിശേഷധ്വനി തിരുവനന്തപുരത്ത് നിന്നും പ്രസിദ്ധീകരണം ആരംഭിച്ചത്. ദൈവം ഇത്രത്തോളം സഹായിച്ചു. ദൈവത്തിന് മഹത്വം.

ഇന്ന് നിത്യതയിൽ വിശ്രമിക്കുന്ന, കർത്താവിന്റെ ദാസൻ ദാനിയേൽ വില്യംസ് സഹോദരൻ 1978ൽ ആരംഭിച്ച ശുശ്രൂഷ ഇന്നും മുന്നോട്ടു കൊണ്ടുപോകാൻ ദൈവം സഹായിക്കുന്നു. ആദ്യ നാളുകളിൽ ലെറ്റർ പ്രസ്സിൽ വളരെ കഠിനാധ്വാനം ചെയ്ത് സുവിശേഷധ്വനി പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ഇന്ന് സാങ്കേതികജ്ഞാനം വർദ്ധിച്ചപ്പോൾ അച്ചടിയും അതിന്റെ എഡിറ്റിങ്ങും വളരെ സൗകര്യപ്രദമായിട്ടുണ്ട്. അധ്വാനം വളരെ കുറഞ്ഞിട്ടുണ്ട്. മുൻകാല പ്രവർത്തകരെയോർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. 1978 മുതൽ ഈ പ്രസിദ്ധീകരണം പല സ്ഥലങ്ങളിൽ ആയിട്ട് നടന്നു വരികയാണ്. മുൻകാലങ്ങളിൽ ഈ ശുശ്രൂഷയ്ക്ക് ചുമൽ കൊടുത്തിരുന്ന പലരും ഇന്ന് നിത്യതയിൽ വിശ്രമിക്കുന്നു.

**"ആകയാൽ എന്റെ പ്രിയ സഹോദരന്മാരേ, നിങ്ങൾ ഉറപ്പുള്ളവരും കുലുങ്ങാത്തവരും നിങ്ങളുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നു അറിഞ്ഞിരിക്കയാൽ കർത്താവിന്റെ വേലയിൽ എപ്പോഴും വർദ്ധിച്ചുവരുന്നവരും ആകുവിൻ". (1 കൊരി. 15:58)**

എന്നാൽ ദൈവം അവരുടെ സ്ഥാനത്ത് കാലാകാലങ്ങളിൽ പുതിയ സഹോദരങ്ങളെ എഴുന്നേൽപ്പിച്ചു.

തിരുവനന്തപുരത്തു നിന്നും പ്രസിദ്ധീകരണം തുടങ്ങിയ ആദ്യ നാളുകളിൽ ഞങ്ങളുടെ പരിചയക്കുറവു മൂലം വളരെ പ്രയാസങ്ങൾ നേരിട്ടെങ്കിലും ദൈവം വളരെ സഹായിച്ചു. തിരിഞ്ഞ് നോക്കുമ്പോൾ 'ഏബെൻ-ഏസെർ' എന്ന് പറയാതിരിക്കാൻ സാധ്യമല്ല. ദൈവം അത്രത്തോളം ഈ ശുശ്രൂഷയെ സഹായിച്ചു. ദൈവത്തിന് സകല മഹത്വവും കൊടുക്കുകയാണ്.

കോവിഡ് കാലഘട്ടത്തിൽ പ്രസിദ്ധീകരണത്തിന് തടസ്സം നേരിട്ടിരുന്നു. വളരെ ചുരുക്കം ലക്കങ്ങൾ (ഗവൺമെന്റിന്റെ അനുവാദത്തോടുകൂടി) മുടങ്ങുവാൻ ഇടയായിട്ടുമുണ്ട്. അതിനു ശേഷം എല്ലാ ലക്കങ്ങളും കൃത്യമായി പ്രസിദ്ധീകരിക്കുന്നുണ്ട്. ഈ കാലഘട്ടത്തിൽ നമ്മുടെ മറ്റ് മാസികകളെ പോലെ സുവിശേഷധ്വനിയും വളരെ പ്രതിസന്ധികൾ അഭിമുഖീകരിക്കുന്നുണ്ട്. സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് നേരിടുന്നെങ്കിലും നമ്മുടെ സഹോദരന്മാർ സഹായിക്കുന്നു, സ്ഥലം സഭകൾ സഹായിക്കുന്നു. അതുകൊണ്ട് ഈ പ്രവർത്തനം മുടങ്ങാതെ മുൻപോട്ട് പോകുന്നു, അങ്ങനെ സഹായിക്കുന്ന എല്ലാ ദൈവമക്കളോടുമുള്ള നന്ദിയും കടപ്പാടും അറിയിക്കുകയാണ്. ദൈവം അവർക്ക് ധാരാളമായി പ്രതിഫലം കൊടുക്കട്ടെ എന്ന് പ്രാർത്ഥിക്കുകയും ചെയ്യുന്നു.

അതുപോലെ ഈടുറ്റ ലേഖനങ്ങൾ അയച്ച് തന്ന് നമ്മെ സഹായിക്കുന്ന പല സഹോദരന്മാർ ഉണ്ട് അങ്ങനെയുള്ള സഹോദരന്മാരെയും ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നു. ചിലരൊക്കെ വാർദ്ധക്യത്തിലും, തൊണ്ണൂറുകളിലും സുവിശേഷധ്വനിയെ സ്നേഹിച്ച് വളരെ പ്രയാസത്തോടെയെങ്കിലും ലേഖനങ്ങൾ ഇന്നും എഴുതുന്നുണ്ട്. കൂടാതെ മറ്റ് പല സഹോദരന്മാരും ലേഖനങ്ങൾ അയച്ചു നമ്മെ സഹായിക്കുന്നു. ഉപദേശത്തിന്റെ നൈർമ്മല്യത്തിൽ ദൈവവചനത്തിൽ അടിസ്ഥാനപ്പെട്ട ലേഖനങ്ങൾ തുടർന്നും എഴുതുവാൻ ദൈവദാസന്മാരെ സഹായിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു. അതുപോലെ എഡിറ്റോറിയൽ എഴുതി സഹായിക്കുന്ന സഹോദരന്മാർ ഉണ്ട്. അവരോടും ഉള്ള നന്ദിയും കടപ്പാടും അറിയിക്കുന്നു.

സുവിശേഷധ്വനി മുമ്പോട്ട് പോകണമെങ്കിൽ വളരെയധികം ദൈവകൃപയും സഹോദരങ്ങളുടെ സഹകരണവും ആവശ്യമുണ്ട്. നമ്മുടെ മിക്കവാറും എല്ലാ മാസികകളും അതിന്റെ വരിസംഖ്യ കൃത്യമായി ലഭിച്ചാൽ പോലും പ്രസിദ്ധീകരിക്കാൻ പ്രയാസമുള്ള കാലത്താണ് നാം ജീവിക്കുന്നത്. എന്നാൽ 2010 മുതൽ വരിസംഖ്യ തരാത്ത സഹോദരങ്ങൾക്കും ഇപ്പോഴും മാസിക അയച്ചു കൊണ്ടിരിക്കുകയാണ്.

പ്രിയ വായനക്കാർ ഈ കാര്യങ്ങൾ ശ്രദ്ധിക്കുമല്ലോ.

1. സുവിശേഷധ്വനിയെ ഓർത്ത് പ്രാർത്ഥിക്കുക
2. എഴുതുവാൻ കഴിവുള്ള സഹോദരങ്ങൾ ലേഖനങ്ങൾ എഴുതി അയക്കുക
3. വരിസംഖ്യയും കഴിയുമെങ്കിൽ ഒരു കൂട്ടായ്മയും അയച്ചു തന്ന് ഈ ശുശ്രൂഷയെ സഹായിക്കുക.

ദൈവം എല്ലാ വായനക്കാരെയും അനുഗ്രഹിക്കട്ടെയെന്ന് പ്രാർത്ഥിക്കുന്നു.

## സുവിശേഷധ്വനിയുടെ ഓഫീസ്

വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പിൽ സുവിശേഷധ്വനിയുടെ ഓഫീസ് പ്രവർത്തിക്കുന്നതാണ്. നിങ്ങളുടെ വരിസംഖ്യ പുതുക്കുന്നതിനും പുതിയ വരിക്കാരായിത്തീരുന്നതിനും അവസരം പ്രയോജനപ്പെടുത്താം. ദൈവജനം സഹകരിക്കണമെ.

ചീഫ് എഡിറ്റർ

## വൈ.എം.ഇ.എഫ് നോർത്ത് ഡിവിഷൻ ട്രസ്റ്റ്

ദൈവകൃപയാൽ YMEF വടക്കൻ വിഭാഗം ട്രസ്റ്റ് ചെയ്തുവരുന്ന ആത്മീയ ശുശ്രൂഷകൾ അനുഗ്രഹമായി തുടരുന്നു. ഈ നാളുകളിൽ കേരളത്തിൽ, സ്ഥലംസഭകളുടെ സഹകരണത്തിലും തൃശ്ശൂർ വാളകം യൂണിറ്റുകളുടെ ചുമതലയിലും ചെയ്തുവരുന്ന ഭവനസന്ദർശനം, പരസ്യയോഗങ്ങൾ, പ്രാർത്ഥനാകൂടിവരവുകൾ, ഏകദിന സമ്മേളനങ്ങൾ എന്നിവ നിർബാധം തുടരുന്നു. ഈ പ്രവർത്തനങ്ങൾക്കായി ഒരു വാഹനം വാങ്ങുവാൻ കർത്താവ് കൃപ ചെയ്തു.

കോവിഡിന് ശേഷം, മുമ്പ് നാം ചെയ്തു വന്നിരുന്നതുപോലുള്ള സുവിശേഷ പ്രവർത്തനങ്ങൾ ഉത്തരേന്ത്യയിൽ തുടരുവാൻ സാധിക്കാതെ വന്നതിനാൽ 2022 ഒക്ടോബർ 5 മുതൽ 25 വരെ ഛത്തിസ്ഗഡിലും നവംബർ 4 മുതൽ 17 വരെ ഝാർഖണ്ഡിലും 2023 മാർച്ച് 9 മുതൽ 30 വരെ അബഹോറിലും അനുധാവന പ്രവർത്തനങ്ങൾ നടത്തുവാൻ കർത്താവ് സഹായിച്ചു. ദൈവഹിതമായാൽ ആഗസ്റ്റ് 10 മുതൽ ഒക്ടോബർ 5 വരെ ബിഹാറിലും അനുധാവന പ്രവർത്തനങ്ങൾ നടത്തുവാൻ ആഗ്രഹിച്ച് ക്രമീകരണങ്ങൾ ചെയ്തിരിക്കുന്നു. പ്രതികൂലങ്ങൾ ഇല്ലാതെ ഈ പ്രവർത്തനം അനുഗ്രഹകരമായിത്തീരുവാൻ ദൈവമക്കൾ നിരന്തരം പ്രാർത്ഥിക്കണമെന്ന് കർത്തൃനാമത്തിൽ അപേക്ഷിക്കുന്നു.

വൈ. എം. ഇ. എഫ്. വടക്കൽ വിഭാഗം ട്രസ്റ്റിനു വേണ്ടി,

ക്യാമ്പ് കോർഡിനേറ്റർ **എ.ഡി. ജെയിംസ്**

## റ്റീൻസ് മീറ്റ് തിരുവല്ല

13 വയസ്സ് മുതൽ പ്രായമുള്ള ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും വേണ്ടി ഒരു ഏകദിന സമ്മേളനം ക്രമീകരിച്ചിരിക്കുന്നു.

**സമയം** : **2023 ആഗസ്റ്റ് 28 തിങ്കൾ രാവിലെ 9:30 മുതൽ 4:30 വരെ**
**സ്ഥലം** : **തിരുവല്ല ചുമത്ര ക്രിസ്ത്യൻ ബ്രദറൺ ചർച്ച് ഹാളിൽ.**
**തീം** : **വിജയി ആകുക** (Be a Winner)

പ്രോഗ്രാം : ടീനേജ് പ്രശ്നങ്ങളെ എങ്ങനെ അതിജീവിക്കാം, പഠനം മെച്ചപ്പെടുത്താനുള്ള വഴികൾ, ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം സെഷനുകൾ തുടങ്ങിയവ.

പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പേര്, വയസ്സ്, വിലാസം, ഫോൺ നമ്പർ എന്നിവ സഹിതം 9447360417,9745017815 എന്നീ ഫോൺ നമ്പരുകളിലോ, വാട്സാപ്പിലോ, teenspreeteens23@gmail.com എന്ന ഇ മെയിൽ വിലാസത്തിലോ രജിസ്റ്റർ ചെയ്യുക.

**കെ.തോമസ് മാത്യു, തിരുവല്ല**

## ധ്വനി ബൈബിൾ ക്വിസ് – 41
### 2 ദിനവൃത്താന്തം 19 മുതൽ 36 വരെയുള്ള അദ്ധ്യായങ്ങൾ
### ശരിയുത്തരങ്ങൾ

1. ഉസ്സിയാവ് രാജാവ് (2 ദിനവൃത്താന്തം 26:10).
2. യഹോവ ശത്രുക്കളുടെമേൽ ജയം കൊടുത്തുകൊണ്ട് (2 ദിനവൃത്താന്തം 20:22–23).
3. നെഖോ പറഞ്ഞ ദൈവവചനങ്ങളെ കേൾക്കാതെ യുദ്ധത്തിന് പോയതുകൊണ്ട് (2 ദിനവൃത്താന്തം 35:22–24).
4. അഥല്യാ (2 ദിനവൃത്താന്തം 22:2–3).
5. എഫ്രയീമ്യ വീരൻ (2 ദിനവൃത്താന്തം 28:7).
6. എഫ്രയീമിൽ നിന്നും, മനശ്ശെയിൽ നിന്നും, യിസ്സാഖാരിൽ നിന്നും സെബുലൂനിൽ നിന്നും ഉള്ള അനേകർ (2 ദിനവൃത്താന്തം 30:18).
7. യെഹോയാദാ (2 ദിനവൃത്താന്തം 24:15).
8. എല്യാക്കീം (2 ദിനവൃത്താന്തം 36:4).
9. അമസ്യാവ് (2 ദിനവൃത്താന്തം 25:1–2).
10. മനശ്ശെയുടെ കഷ്ടതയിൽ നിന്നും അവന്റെ പ്രാർത്ഥന കേട്ട് ദൈവം അവനെ രാജത്വത്തിലേക്ക് തിരിച്ചു കൊണ്ടുവന്നപ്പോൾ (2 ദിനവൃത്താന്തം 33:12–13).

### എല്ലാ ചോദ്യങ്ങൾക്കും ശരിയുത്തരം എഴുതിയവർ

1. മറിയാമ്മ മാത്യു, തിരുവല്ല
2. ഏലിയാമ്മ കുര്യൻ, വാകത്താനം
3. ബെറ്റ്സി കുര്യൻ, മൂക്കന്നൂർ
4. ആലീസ് സാം, കല്ലിശ്ശേരി
5. മോളി ജോയി, മൂവാറ്റുപുഴ
6. നൈസി രെഞ്ചി, ചേപ്പാട്
7. എബ്രഹാം ഡാനിയേൽ, കോയിപ്രം
8. പി.വി. എലിസബത്ത്, പേരൂർക്കട
9. ലില്ലി ജോൺ, പാലാരിവട്ടം
10. ഷീജ ബാബുജി, വേങ്കോട്
11. ജോളി മാത്യു, കലഞ്ഞൂർ
12. ലിസ്സി സാജൻ, പുത്തൻകാവ്
13. ഷാൻ ആൻ സിബിൻ, അയർലാൻഡ്
14. ഡി. സാമുവേൽ, കണ്ണൂർ
15. മറിയാമ്മ തോമസ്, കുന്നന്താനം
16. നാൻസി സാമുവേൽ, കോട്ടയം
17. തോമസ് സാമുവേൽ, കൊല്ലം
18. ജോയ്സ് ഗീവർഗ്ഗീസ്, അടൂർ
19. ജോളി രാജു, കല്ലിശ്ശേരി
20. ജോളി രാജൻ, ബാംഗ്ലൂർ
21. ബേബി മോഹൻ, തൃശൂർ
22. ജിമ ജോഷ്വാ, ചെറിയതുറ
23. സാലി വർഗ്ഗീസ്, പുത്തൻകാവ്
24. മോളിക്കുട്ടി ബാബു, കരിക്കാട്
25. ഡെയ്സി ജോസ്, മാവേലിക്കര
26. ജോസ് മാത്യു, ഇരവിപേരൂർ
27. പൊന്നമ്മ രാജു, ബാംഗ്ലൂർ
28. മറിയാമ്മ ജോസ്, അടൂർ
29. റെയ്മോൾ സൂസൻ ജോൺസ്, കൊച്ചി
30. റോസാമ്മ റോയി, പാണ്ടനാട്

ചീഫ് എഡിറ്റർ : സാം സഖറിയ
അസോ. എഡിറ്റർ : സാമുവൽ തോമസ്
മാനേജിംഗ് എഡിറ്റർ : ജോയികുമാർ വി.കെ.
സർക്കുലേഷൻ മാനേജർ : സ്പർജൻ കെ.ജെ.
വാർഷിക വരിസംഖ്യ
ഇന്ത്യയിൽ : ₹ 200/-
വിദേശങ്ങളിൽ : ₹ 3000/-

വാർത്തകളും രചനകളും ഇ-മെയിൽ വഴിയോ, തപാലിലോ, നേരിട്ടോ ചീഫ് എഡിറ്ററുടെ വിലാസത്തിൽ അയയ്ക്കുക.
വരിസംഖ്യയും സംഭാവനകളും സുവിശേഷധ്വനിയെന്ന് മാത്രമെഴുതി മാനേജിംഗ് എഡിറ്ററുടെ വിലാസത്തിൽ അയ്ക്കുക. പരസ്യങ്ങൾ സ്വീകരിക്കുന്നതല്ല.

**Bank Details:**
Account Name : **Suviseshadhwani**
**CSB BANK**, Thiruvananthapuram Main Branch
Account No: 00960407300619500l
IFSC Code : CSBK 0000096

**തിരുമൊഴി**

"ന്യായരഹിതമായ വലിയ വരവിനെക്കാൾ നീതിയോടെയുള്ള അല്പം നല്ലത്" (സദൃ. 16:8)

### എന്റെ ജനം പ്രാർത്ഥിക്കുന്നുവെങ്കിൽ

## രാജസ്ഥാനിലെ ശേഖാവതി ജനം

സീക്കാർ, ജുംജുനു, ചുരു എന്നീ വടക്കു കിഴക്കൻ രാജസ്ഥാനിലെ ശേഖാവതി ജനതയ്ക്കുവേണ്ടി പ്രാർത്ഥിക്കുക. അവരുടെ ജനസംഖ്യ 22.7 ലക്ഷമാണ്. അവരുടെ ഭാഷയായ ശേഖാവതിയിൽ പുതിയനിയമം തർജ്ജിമ ചെയ്ത് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പ്രാദേശികസഭകളിൽ കൂടെ ആ ഭാഷയിലെ 450 പുതിയ നിയമ കോപ്പികൾ വിതരണം ചെയ്തു. 40 വർഷങ്ങൾക്കുമുമ്പ് രണ്ടു മിഷ്യനറിമാർ ഈ ജനതയുടെ മദ്ധ്യത്തിൽ സുവിശേഷമറിയിക്കുവാൻ ചെന്നപ്പോൾ അവർ വളരെ എതിർപ്പ് അഭിമുഖീകരിക്കേണ്ടി വന്നു. അധികമൊന്നും പ്രവർത്തിക്കുവാൻ കഴിഞ്ഞില്ലെങ്കിലും അവർ വിതച്ച വിത്തുകൾ ഫലം കായ്ച്ചു. ശേഖാവതി ജനതക്കുവേണ്ടി പ്രാർത്ഥിക്കുക. ●





**സമ്പാദനം:ഇ.ജെ.പി.**

## ബിലീവേഴ്സ് റിലീഫ് ട്രസ്റ്റ് വിദ്യാഭ്യാസ സഹായം : 2023

ദി ബ്രദറൺ അസംബ്ലി ദുബായ്, ദോഹ ബ്രദറൺ അസംബ്ലി എന്നീ സഭകളുടെ സഹകരണത്തിൽ സാമ്പത്തിക വിഷമം അനുഭവിക്കുന്ന വിശ്വാസികളുടെ മക്കൾക്കു ബിലീവേഴ്സ് റിലീഫ് ട്രസ്റ്റിലൂടെ വിദ്യാഭ്യാസ സഹായം നൽകുന്നതിനായി അപേക്ഷകൾ ക്ഷണിക്കുന്നു. എട്ടാം ക്ലാസ്സു മുതൽ മുകളിലേക്ക് പഠിക്കുന്നവർക്കാണ് സഹായം ലഭിക്കുന്നത്. അർഹതയുള്ള വിദ്യാർത്ഥികളുടെ രക്ഷകർത്താക്കൾ താഴെ ചേർത്തിരിക്കുന്ന മാതൃകയിലുള്ള അപേക്ഷ എ-4 സൈസിലുള്ള കടലാസിൽ തയ്യാറാക്കി പൂരിപ്പിച്ചു സഭാ മൂപ്പന്മാരുടെ സാക്ഷ്യപത്രത്തോടുകൂടെ ഇക്കൊല്ലത്തെ കോഴ്സ് സർട്ടിഫിക്കറ്റ് സഹിതം അയക്കേണ്ടതാണ്.

കഴിഞ്ഞ അദ്ധ്യയനവർഷം 10, 12 ക്ലാസ്സുകളുടെ ഫൈനൽ പരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എ പ്ലസ് ലഭിച്ചവർ മാർക്ക് ലിസ്റ്റിന്റെ സാക്ഷ്യപ്പെടുത്തിയ ഫോട്ടോകോപ്പി അപേക്ഷയുടെ കൂടെ അയക്കേണ്ടതാണ്. അവർക്കു പഠനമികവിനുള്ള ഒരു ചെറിയ സ്കോളർഷിപ്പ് ലഭിക്കുന്നതായിരിക്കും.

**അയയ്ക്കേണ്ട വിലാസം :** Secretary, Believers Relief Trust, P.O. Box 60, Kumbanad P.O., PTA 689547. Phone +469 2999947 WA: 9188256000

**പ്രത്യേക ശ്രദ്ധയ്ക്ക്:**

1. 2023 സെപ്റ്റംബർ 15- നകം സെക്രട്ടറിക്ക് പൂർണമായി പൂരിപ്പിച്ച അപേക്ഷകൾ ലഭിക്കേണ്ടതാണ്. താമസിച്ചു ലഭിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.
2. അപേക്ഷകന്റെ മേൽവിലാസം പൂർണമായും വ്യക്തമായും എഴുതണം. ജില്ലയും പിൻകോഡും ഉണ്ടായിരിക്കണം.
3. അപേക്ഷകന്റെ മൊബൈൽ നമ്പർ കൃത്യമായി രേഖപ്പെടുത്തിയിരിക്കണം.
4. കോഴ്സ് സർട്ടിഫിക്കറ്റ് ഇല്ലാത്ത അപേക്ഷ സ്വീകരിക്കയില്ല.
5. ബാങ്ക് പാസ്സ്ബുക്കിലെ വ്യക്തി വിവരങ്ങൾ രേഖപ്പെടുത്തിയിരിക്കുന്ന പേജിന്റെ ഫോട്ടോസ്റ്റാറ്റ് അപേക്ഷയോടൊപ്പം നിർബന്ധമായും അയക്കേണ്ടതാണ്.
6. സ്ഥലംസഭയിലെ മൂപ്പന്മാരുടെ പേരും ഒപ്പും ഫോൺനമ്പറും സഭയുടെ സീലും ഇല്ലാത്ത അപേക്ഷകൾ സ്വീകരിക്കയില്ല.
7. മൂപ്പന്മാരും സുവിശേഷകന്മാരും സ്വന്തം മക്കളുടെ വിദ്യാഭ്യാസ സഹായത്തിനായി അപേക്ഷിക്കുമ്പോൾ സഭയിലെ മറ്റ് മൂപ്പന്മാരുടെ ഒപ്പ് വാങ്ങേണ്ടതാണ്.

**ബിലീവേഴ്സ് റിലീഫ് ട്രസ്റ്റ് വഴി വിതരണം നടത്തുന്ന ദി ബ്രദറൺ അസംബ്ലി ദുബായ്, ദോഹ ബ്രദറൺ അസംബ്ലി വക വിദ്യാഭ്യാസ സഹായത്തിനുള്ള അപേക്ഷ 2021– 2022**

1. അപേക്ഷകന്റെ (രക്ഷകർത്താവിന്റെ) പേര് ..............................
2. മേൽവിലാസം (ജില്ലയും പിൻകോഡും സഹിതം)..............................
..............................
3. വിദ്യാർത്ഥിയുടെ പേര് ..............................
4. രക്ഷകർത്താക്കളുടെ തൊഴിലും മാസവരുമാനവും
(1) പിതാവ്.................. (2) മാതാവ്.................. (3) ആകെ മാസവരുമാനം..................
5. രക്ഷാകർത്താക്കളും വിദ്യാർത്ഥിയും രക്ഷിക്കപ്പെട്ടതാണോ?..............................
6. നല്ല സാക്ഷ്യം പുലർത്തി സ്ഥലം ബ്രദറൺ സഭാ ബന്ധത്തിൽ സന്തോഷമായിരിക്കുന്നുവോ?..........
7. രക്ഷാകർത്താക്കളും വിദ്യാർത്ഥിയും ഉൾപ്പെട്ടിരിക്കുന്ന സ്ഥലം ബ്രദറൺ സഭയേത്?..............................
8. വിദ്യാർത്ഥി പഠിക്കുന്ന സ്ഥാപനത്തിന്റെ പേര് ..............................
9. ഏതു ക്ലാസ്സിൽ / ഏതു കോഴ്സിന് / എത്രാം വർഷം പഠിക്കുന്നു..............................
10. കഴിഞ്ഞ വർഷം പഠിച്ച ക്ലാസ്സിൽ നിന്നും വിജയിച്ചോ? ..................(തോറ്റവർ അപേക്ഷിക്കേണ്ടതില്ല)
11. ഈ വർഷത്തെ കോഴ്സ് സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം വച്ചിട്ടുണ്ടോ? .................. (കോഴ്സ് സർട്ടിഫിക്കറ്റ് ചേർത്ത് അയയ്ക്കാത്ത അപേക്ഷ സ്വീകാര്യമല്ല)
12. കഴിഞ്ഞ വർഷം സഹായം ലഭിച്ചിരുന്നോ?..................എങ്കിൽ എത്ര രൂപ..................
13. ഈ ട്രസ്റ്റ് വഴി വിതരണം ചെയ്യുന്ന വേറെ ഏതെങ്കിലും സഹായം ലഭിച്ചിട്ടുണ്ടോ? ..................
എങ്കിൽ വിവരം..............................
14. വിദ്യാർത്ഥിയുടെ ഒപ്പ് .................. 15. രക്ഷകർത്താവിന്റെ ഒപ്പ്..................
16. സ്ഥലം .................. തീയതി..................
17. രക്ഷാകർത്താവിന്റെ/വിദ്യാർത്ഥിയുടെ ബാങ്ക് അക്കൗണ്ടിലെ പേര്:..............................
18. ബാങ്ക് അക്കൗണ്ട് നമ്പർ.................. IFS Code: ..................
19. ബാങ്കിന്റെ പേരും ബ്രാഞ്ചും.............................. (പാസ്ബുക്കിലെ ആദ്യപേജിന്റെ ഫോട്ടോസ്റ്റാറ്റ് അപേക്ഷയോടൊപ്പം വെക്കേണ്ടതാണ്)
20. സ്ഥലം സഭയിലെ മൂപ്പന്മാരുടെ / ചുമതലപ്പെട്ടവരുടെ ശുപാർശ (4 മുതൽ 10 വരെ ഉള്ള വിവരങ്ങളെക്കുറിച്ച് വ്യക്തമായി സാക്ഷ്യപ്പെടുത്തിയിരിക്കണം. വിദ്യാർത്ഥിയും രക്ഷാകർത്താക്കളും കൂട്ടായ്മയിൽ സംബന്ധിക്കുന്നുണ്ടോ എന്ന് വ്യക്തമായി എഴുതണം) ..................
..............................
..............................
23. സാക്ഷ്യപ്പെടുത്തിയ മൂപ്പന്മാരുടെ/ചുമതലപ്പെട്ടവരുടെ പേരും വിലാസവും ഒപ്പും ഫോൺ നമ്പരും
..............................
..............................
24. തീയതി.................. 25. സഭയുടെ സീൽ..................

(Encl 1. Course Certificate 2. Mark list (as applicable for Full A+ students 3. Bank Pass Book First Page)

## 16 ഫിലേമോൻ ലേഖന പഠനം

**സാംസൺ ഹെൻറി, കൊല്ലം**

## ദൈവമക്കളുടെ സാന്നിദ്ധ്യം പ്രയോജനവും അനുഗ്രഹകാരണവുമായവ

**യോസേഫിന്റെ സാന്നിദ്ധ്യം സകലർക്കും അനുഗ്രഹകാരണമായിത്തീർന്നു. ഒടുവിൽ തന്റെ സ്നേഹനിധിയായ പിതാവിനും, തന്നെ 20 വെള്ളിക്കാശിനു യിശ്മായേല്യർക്കു വിറ്റുകളഞ്ഞ സഹോദരങ്ങൾക്കും, മിസ്രയീമിലെ സകല ജനങ്ങൾക്കും യോസേഫിന്റെ സാന്നിദ്ധ്യം അനുഗ്രഹവും പ്രയോജനവുമുള്ളതായി.**

**(1) യോസേഫ്**

യാക്കോബിന്റെ ഇഷ്ടഭാര്യയായ റാഹേലിന്റെ രണ്ടു പുത്രന്മാരിൽ മൂത്തവനായിരുന്നു യോസേഫ്. ഇളയവൻ ബന്യാമീന്റെ ജനനത്തെത്തുടർന്നു റാഹേൽ മരിച്ചു (ഉല്പ. 35:17,18). യോസേഫിനെ തന്റെ സഹോദരങ്ങൾ യിശ്മായേല്യർക്കു വിറ്റു. അവരിൽ നിന്നു മിസ്രയീമിലെ ഫറവോന്റെ ഒരു ഉദ്യോഗസ്ഥനായ പോത്തീഫറിനു യോസേഫിനെ ലഭിച്ചു (ഉല്പ. 39:1). അവിടെ ഒരു അടിമയായി പോത്തീഫറിനെ സേവിച്ചു. അവന്റെ വിശ്വസ്തതയും സാമർത്ഥ്യവും നിമിത്തം ആ ഭവനത്തിന്റെ കാര്യസ്ഥനായിത്തീർന്നു. തുടർന്നു പോത്തീഫറിന്റെ ഭാര്യയുടെ ഇംഗിതത്തിനു അടിമപ്പെടാതിരുന്ന യോസേഫ് കാരഗൃഹത്തിലടക്കപ്പെട്ടു (ഉല്പ. 39:20). അവിടെയും യോസേഫിനു ദൈവകൃപ ലഭിച്ചു. യോസേഫിന്റെ വിശ്വസ്തതയും നല്ല സ്വഭാവവും കണ്ട കാരഗ്രഹപ്രമാണി യോസേഫ് തടവുകാരനെങ്കിലും കാരഗ്രഹത്തിലുള്ളവരുടെ മേൽ വിചാരകനാക്കി നിയമിച്ചു (ഉല്പ. 39:22,23). ദൈവത്തോടു പറ്റിച്ചേർന്നു ജീവിച്ച യോസേഫ് സത്യസന്ധതയിലും നിർമ്മലതയിലും ജീവിതം നയിച്ചു. ഇതിനു തെളിവാണ് തിരുവചനം യോസേഫിനെക്കുറിച്ചു മൂന്നു പ്രാവശ്യം ആവർത്തിച്ചു പറയുന്ന സാക്ഷ്യം "യഹോവ യോസേഫിനോടു കൂടെ ഉണ്ടായിരുന്നു" (ഉല്പ. 39:2,21,23). ദൈവകൃപയാൽ കാരഗൃഹത്തിൽ നിന്നുയർത്തപ്പെട്ട യോസേഫ് പിന്നീട് മിസ്രയീമിന്റെ അധികാരിയിത്തീർന്നു. മിസ്രയീമിലെ ജ്ഞാനികൾക്കും മന്ത്രവാദികൾക്കും മറഞ്ഞിരുന്ന രാജാവിന്റെ സ്വപ്നം യോസേഫ് ദൈവിക ജ്ഞാനത്താൽ വ്യാഖ്യാനിച്ചപ്പോൾ രാജാവു യോസേഫിനെ അഭിനന്ദിച്ചു യോസേഫിന്റെ ദൈവത്തെ പുകഴ്ത്തി. "ഫറവോൻ തന്റെ ഭൃത്യന്മാരോടു: ദൈവാത്മാവുള്ള ഈ മനുഷ്യനെപ്പോലെ ഒരുത്തനെ കണ്ടു കിട്ടുമോ എന്നു പറഞ്ഞു. പിന്നെ ഫറവോൻ യോസേഫിനോടു: ദൈവം ഇതൊക്കെയും നിനക്കു വെളിപ്പെടുത്തി തന്നതു കൊണ്ടു നിന്നെപ്പോലെ വിവേകവും ജ്ഞാനവുമുള്ളവൻ ഒരുത്തനുമില്ല." (ഉല്പ. 41:38,39). യോസേഫിന്റെ സാന്നിദ്ധ്യം സകലർക്കും അനുഗ്രഹകാരണമായിത്തീർന്നു. ഒടുവിൽ തന്റെ സ്നേഹനിധിയായ പിതാവിനും, തന്നെ 20 വെള്ളിക്കാശിനു യിശ്മായേല്യർക്കു വിറ്റുകളഞ്ഞ സഹോദരങ്ങൾക്കും, മിസ്രയീമിലെ സകല ജനങ്ങൾക്കും യോസേഫിന്റെ സാന്നിദ്ധ്യം അനുഗ്രഹവും പ്രയോജനവുമുള്ളതായി.

**(2) നയമാന്റെ വീട്ടിലെ അടിമ പെൺകുട്ടി**

ആരാം രാജാവിന്റെ സേനാധിപതിയായ നയമാൻ ധീരനും, മഹാനും, മാന്യനും, പരാക്രമശാലിയും ആയിരുന്നെങ്കിലും ഒരു കുഷ്ഠരോഗിയായിരുന്നു (2 രാജാ. 5:1). നയമാന്റെ വീട്ടിൽ അടിമയായി ജോലി ചെയ്തിരുന്ന ഒരു എബ്രായ പെൺകുട്ടിയുടെ സാന്നിദ്ധ്യം അവൾ പാർത്തിരുന്ന ഭവനത്തിനു അനുഗ്രഹവും പ്രയോജനവും ഉള്ളതായിത്തീർന്നു. ശമര്യയിലെ എലീശാപ്രവാചകന്റെ പ്രവർത്തനങ്ങളെക്കുറിച്ചു ഈ പെൺകുട്ടി കേട്ടിരുന്നു. തന്റെ യജമാനൻ കുഷ്ഠരോഗിയാണെന്ന വിവരമറിഞ്ഞ അവൾ നയമാന്റെ ഭാര്യയോടു പ്രവാചകനെക്കുറിച്ചു സാക്ഷ്യം പറഞ്ഞു. "അവൾ തന്റെ യജമാനത്തിയോട് : യജമാനൻ ശമര്യയിലെ പ്രവാചകന്റെ അടുക്കൽ ഒന്നു ചെന്നെങ്കിൽ അവൻ അവന്റെ കുഷ്ഠരോഗം മാറ്റിക്കൊടുക്കുമായിരുന്നു എന്നു പറഞ്ഞു" (2 രാജാ. 5:3). എലീശാപ്രവാചകന്റെ അടുക്കലേക്കു പോയ നയമാന്റെ കുഷ്ഠരോഗം പൂർണ്ണമായി സൗഖ്യമാകുകയും നയമാൻ യിസ്രായേലിന്റെ ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്തു (2 രാജാ. 5:15). നയമാന്റെ വീട്ടിലെ അടിമ പെൺകുട്ടിയെക്കുറിച്ചു പിന്നീട് കൂടുതൽ ഒന്നും അറിയുന്നില്ല. ഏതായാലും ദൈവഭക്തയായ അടിമയായ പെൺകുട്ടിയുടെ സാന്നിദ്ധ്യം നയമാന്റെ വീട്ടിൽ അനുഗ്രഹവും സന്തോഷവും പ്രയോജനവും ഉണ്ടാകുവാൻ ഇടയാക്കി. ●

# നല്ല ഇടയൻ

സി.എച്ച്. സ്പർജൻ

> **കൂട്ടത്തിൽ നിന്നു വിട്ട് വളരെ ദൂരെ പോയി അലയുന്ന ആടിനെക്കുറിച്ച് ഇടയന് ഏറിയ കരുതലുണ്ട്. അതിനെ കണ്ടുകിട്ടുമ്പോൾ അതിന്റേതായ കഥ പറയാനുണ്ടാകും. അത് വനാന്തരത്തിലും മുള്ളുകളുടെ ഇടയിലും അലയുകയാണ്. അതിനെ കണ്ടെടുത്തു തിരികെ കൊണ്ടുവരുന്നത് കഠിനമാണ്. എങ്കിലും നല്ല ഇടയൻ അതിനെ കണ്ടെത്തുക തന്നെ ചെയ്യും. ആട്ടിടയന്റെ ക്ഷീണം അതിന് തടസ്സമല്ല. നഷ്ടപ്പെട്ട ആടിന്റെ കഠിനമായ അപകടമാണ് വിഷയം.**

നാം ദിനേന കേൾക്കുന്ന വാക്കുകളാണ് ‘രാജ്യത്തെ ഉന്നതിയിലേക്കും സമാധാനത്തിലേയ്ക്കും നയിക്കണം’. എന്നാൽ ഈ വിലകുറഞ്ഞ വാക്കുകൾ കൊണ്ട് ഒന്നും ചെയ്യുവാൻ കഴിയുന്നില്ല. മാത്രമല്ല സമൂഹത്തിൽ ധാർമ്മിക മൂല്യച്യുതി ഓരോ ദിവസവും വർദ്ധിച്ചുവരികയാണ്. സമൂഹത്തിലെ നന്മക്കായി സുവിശേഷീകരണവും, നീതീകരണവും ഉണ്ടായേ മതിയാകയുള്ളൂ. വ്യക്തിപരമായ മാനസാന്തരമുണ്ടായാലെ സമൂഹത്തിനു നന്മയും, ദേശത്തിനു മാറ്റവും സംഭവിക്കുകയുള്ളൂ.

മോശമായ സ്വഭാവമുള്ള ആളുകളെപ്പോലും ഒരിക്കലും നിന്ദിക്കുവാൻ പാടില്ല. മനുഷ്യപുത്രൻ വന്നത് നഷ്ടപ്പെട്ടവരെ വീണ്ടെടുക്കുവാനാണ്. ഗ്രീക്കുഭാഷയിൽ നഷ്ടപ്പെട്ടു എന്നതിനു “നശിപ്പിക്കപ്പെട്ടു” എന്നാണ്. അതിനർത്ഥം നശിച്ചുപോയി എന്നല്ല പിന്നെയോ എന്തിനുവേണ്ടി സൃഷ്ടിക്കപ്പെട്ടുവോ ആ ഉപയോഗത്തിനുകൊള്ളാതായി. അനേകർ ഇന്ന് പാപത്തിൽ മരിച്ചുകൊണ്ടിരിക്കുകയാണ്. ദൈവത്തിനും നഷ്ടപ്പെട്ടവരാണ്. പാപത്തിൽ മരിച്ച ഒരുവനെക്കുറിച്ച് കർത്താവിന് വളരെ ആകുലതയുണ്ട്. കർത്താവ് അറിയേണ്ടത് കേവലം മനുഷ്യപുത്രൻ എന്നു മാത്രമല്ല ദൈവപുത്രൻ എന്നും അറിയണം. ലോകത്തിലേയ്ക്ക് വരുന്നതിനുമുമ്പ് ദൈവപുത്രൻ എന്ന നിലയിൽ സകലമഹത്വത്തിനും താൻ യോഗ്യനാണ്. സ്വർഗ്ഗോന്നതങ്ങളിൽ ഉന്നതമായ ദൈവപുത്രൻ മനുഷ്യരുടെ താഴ്ച ഏറ്റെടുക്കുവാനായി മനുഷ്യപുത്രനായി കഷ്ടം അനുഭവിക്കുന്നതിനായി ജഡശരീരം എടുത്തു. “ദൈവം നമ്മോടുകൂടി” എന്നർത്ഥത്തിൽ ഇമ്മാനുവേലായി പാപിയുടെ സ്ഥാനത്തു ക്രൂശിൽ മരിച്ചു. വീണ്ടും വരുന്ന കർത്താവിനെക്കുറിച്ച് പ്രസംഗിക്കവരുടെ കാൽ പർവ്വതങ്ങളിൽ എത്ര മനോഹരം.

വഴിതെറ്റി അലഞ്ഞു നടക്കുന്ന ആടുകളെ ഇടയൻ അന്വേഷിക്കുന്നതുപോലെ കർത്താവ് നാശകരമായ സ്ഥാനത്തു കിടക്കുന്നവരെ അന്വേഷിച്ചു കൊണ്ടിരിക്കുന്നു. കർത്താവിങ്കലേയ്ക്ക് മടങ്ങിവരുമ്പോൾ അവന്റെ ആട്ടിൻകൂട്ടിത്തിലാകും. ഇടയന് നഷ്ടപ്പെട്ട ആടിനെക്കുറിച്ച് കരുതലുണ്ടാകണം. വഴിതെറ്റി പോകുന്നവരെ അന്വേഷിച്ചു കർത്താവ് വന്നു.

കൂട്ടത്തിൽ നിന്നു വിട്ട് വളരെ ദൂരെ പോയി അലയുന്ന ആടിനെക്കുറിച്ച് ഇടയന് ഏറിയ കരുതലുണ്ട്. അതിനെ കണ്ടുകിട്ടുമ്പോൾ അതിന്റേതായ കഥ പറയാനുണ്ടാകും. അത് വനാന്തരത്തിലും മുള്ളുകളുടെ ഇടയിലും അലയുകയാണ്. അതിനെ കണ്ടെടുത്തു തിരികെ കൊണ്ടുവരുന്നത് കഠിനമാണ്. എങ്കിലും നല്ല ഇടയൻ അതിനെ കണ്ടെത്തുക തന്നെ ചെയ്യും. ആട്ടിടയന്റെ ക്ഷീണം അതിന് തടസ്സമല്ല. നഷ്ടപ്പെട്ട ആടിന്റെ കഠിനമായ അപകടമാണ് വിഷയം.

നഷ്ടപ്പെട്ടവരെ രക്ഷിക്കുവാൻ മനുഷ്യപുത്രൻ വന്നു. അനേകായിരങ്ങൾ നിത്യമായ ന്യായവിധിയുടെ വാതിൽക്കൽ ആണ്. ന്യായവിധി ദിവസം അവരുടെ ജീവിതം അഗ്നിനരകത്തിലാണ്. നല്ലിടയൻ നഷ്ടപ്പെട്ട ആടുകളെക്കുറിച്ച് ഏറിയ ഭാരമുള്ളവനാണ്. കാരണം; കർത്താവിന്റേതാണ്. നല്ല ഇടയൻ തന്നെ ഏല്പിച്ചിരിക്കുന്ന ആടുകളെ പരിപാലിക്കുന്നു. ഇടയൻ എണ്ണിനോക്കിയപ്പോൾ തന്റെ നൂറ് ആടുകളിൽ ഒന്ന് കുറവുള്ളതായി കണ്ടു. കൂലിക്കാരനായ ഇടയന് നഷ്ടപ്പെട്ട ഒരാടിനെക്കുറിച്ച് ഭാരമില്ല. നല്ല ഇടയൻ തൊണ്ണൂറ്റി ഒൻപതിനെയും മരുഭൂമിയിൽ വിട്ട് നഷ്ടപ്പെട്ട ഒരാടിനെ അന്വേഷിച്ചുപോയി. കർത്താവ് പിതാവിനോട് പറഞ്ഞു “നീ എനിക്കു തന്നിട്ടുള്ളതിനെ ഞാൻ സൂക്ഷിക്കുന്നു. അവയിൽ ഒന്നും നഷ്ടമാകയില്ല”. അപകടത്തിലായ നരകത്തിലേയ്ക്ക് പോകുന്ന ഒരാത്മാവിനെക്കുറിച്ച് കർത്താവിന് അത്യധികമായ ഭാരമുണ്ട്. എങ്കിൽ നഷ്ടപ്പെടുന്ന ആത്മാക്കളെക്കുറിച്ച് ദൈവത്തിന്റെ മക്കളായ നമുക്കും ഭാരമുണ്ടാകേണ്ടതാണ്. സുവിശേഷം അറിയിച്ച് രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ചെറിയ ഒരു കൂട്ടം മാത്രമേ ഉള്ളൂ എങ്കിൽ ഭാരപ്പെടേണ്ടതില്ല. രക്ഷിക്കപ്പെടുന്ന ഒരാത്മാവിന്റെ വില സർവ്വലോകത്തേക്കാളും വിലയേറിയതാണ്. നമ്മുടെ ശുശ്രൂഷകൾക്ക് ഒരിക്കലും ഭംഗം വരുവാൻ പാടില്ല.

നല്ല ഇടയന് തന്റെ ഓരോ ആടിന്റെയും പേര് അറിയാം. ഇടയൻ ആടുകളുമായി വലിയ സ്നേഹബന്ധത്തിലാണ്. അവ ഒരിക്കലും കൂട്ടം വിട്ടുപോകയില്ല. അവന്റെ ചുറ്റും അവ കൂടുന്നു. തൊണ്ണൂറ്റി ഒൻപത് ആടുകളെക്കുറിച്ച് സന്തോഷിക്കുന്നതോടൊപ്പം നഷ്ടപ്പെട്ട ഒരാടിനെക്കുറിച്ച് വലിയ വേദനയാണ്. കാണാതെ പോയതിനെ അന്വേഷിച്ച് നല്ല ഇടയൻ സ്വർഗ്ഗത്തിലെ സകല മഹത്വവും വിട്ട് ശാപം നിറഞ്ഞ ഭൂമിയിലേയ്ക്ക് വന്നു. ക്രൂശിലൂടെ കർത്താവ് രക്ഷ ദാനം ചെയ്തു. കർത്താവിനുവേണ്ടി പ്രവർത്തിക്കുന്ന അവന്റെ ദാസന്മാർ തങ്ങളെ ഏൽപ്പിച്ചിട്ടുള്ള ആട്ടിൻകൂട്ടത്തെ മേയിക്കുക എന്നതാണ് ഇടയന്റെ ആഗ്രഹം. കർത്താവിന്റെ ഹൃദയത്തിൽ ഓരോരുത്തരുടെയും പേരുകൾ വഹിച്ചിട്ടുണ്ട്. എന്നാൽ കർത്താവിൽ വിശ്വസിക്കാത്ത ഏറിയ കൂട്ടത്തെയോർത്ത് അവന്റെ ഹൃദയം തേങ്ങിക്കൊണ്ടിരിക്കുന്നു. അവയെക്കുറിച്ച് മാത്രമല്ല പിന്മാറ്റത്തിൽ പോയവരെക്കുറിച്ചും കർത്താവ് വ്യസനിക്കുന്നുണ്ട്.

നാം വായിക്കുന്നത് നഷ്ടപ്പെട്ട ആടിനെ അന്വേഷിച്ച് ഇടയൻ അപകടം നിറഞ്ഞ കാടുകളിലും കുന്നുകളിലും അന്വേഷിക്കുന്നു. നഷ്ടപ്പെട്ടതിനെ അന്വേഷിച്ചു കണ്ടുപിടിക്കുന്നു. ഇതര നാടുകളിലെ ആടുകളെ അപേക്ഷിച്ച് പൗരസ്ത്യ നാടുകളിലെ ആടുകളുടെ കുളമ്പുകൾ മാർദവമുള്ളതാണ്. ഇടയൻ നഷ്ടപ്പെട്ട ആടിനെ അന്വേഷിച്ച് പ്രതികൂലങ്ങളുടെയും പോരാട്ടങ്ങളുടെയും മധ്യത്തിലൂടെ സഞ്ചരിച്ചു. ഇന്നും അതേ സ്നേഹത്തോടെ നഷ്ടപ്പെട്ട ആത്മാക്കളെ അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. പാശ്ചാത്യനാടുകളിലെ ആടുകളുടെ കുളമ്പുകൾ കടുപ്പമുള്ളതുകൊണ്ട് ഒരു സ്ഥലത്തു നിന്നും മറ്റൊരു ദിക്കിലേക്ക് അതിവേഗം ഓടിക്കൊണ്ടിരിക്കുകയാണ്. അതുപോലെ രക്ഷിക്കപ്പെടാത്തവർ പാപത്തിന്മേൽ പാപം വർദ്ധിപ്പിച്ചുകൊണ്ട് അതിവേഗം മുന്നേറുകയാണ്. അവരെയോർത്ത് വ്യസനിക്കുന്ന കർത്താവിനെ കാണാം. കർത്താവിന്റെ ശുശ്രൂഷകന്മാർക്കും പാപികളെയോർത്ത് കരച്ചിലിന്റെയും, നെടുവീർപ്പിന്റെയും ഭാവം അവർക്കുണ്ടാകണം. കൂട്ടത്തിൽ നിന്നും നഷ്ടപ്പെട്ട ഒരു ആടിനെ തേടി ഇടയൻ പർവ്വതങ്ങളിൽ അലയുകയാണ്. കുന്നിന്റെ ചരിവിൽ നഷ്ടപ്പെട്ട തന്റെ ആടിനെ കണ്ടു. അവിടെ എത്തുവാനായി വളരെ കഷ്ടത അനുഭവിക്കണം എങ്കിലും സ്നേഹനിധിയായ ഇടയൻ അവിടെയെത്തി തന്റെ ആടിനെ സ്നേഹത്തോടെയെടുത്തു തോളിലേറ്റി മറ്റു ആടുകളോടൊപ്പം എത്തി.

കർത്താവ് നഷ്ടപ്പെട്ട ഒരു പാപിയെ ഏറിയ നാളുകളായി കാത്തിരിക്കുകയാണ്. മഹോന്നതനായ കർത്താവ് ഭൂമിയിലേക്ക് വന്നത് നഷ്ടപ്പെട്ട ആത്മാക്കളെ രക്ഷിക്കുവാനാണ്. കർത്താവ് നമ്മുടെ പാപം ഏറ്റെടുത്ത് നരകവേദന അനുഭവിച്ചു. ചെന്നായ് സകല ശക്തിയോടും കൂടി അലഞ്ഞു നടന്ന ആടിനെ പിടിക്കുവാൻ അടുത്തു. എന്നാൽ ഇടയൻ ചെന്നായുടെ വായിൽ നിന്നും

ശേഷം 6-ാം പേജിൽ

1-ാം പേജ് തുടർച്ച

# നിങ്ങൾ എനിക്ക് പണിയുന്ന ആലയം ഏതുവിധം? (യെശയ്യാവ് 66:1)

ഭാവം നമ്മിൽ ഉണ്ടെങ്കിൽ ദൈവത്തിന് നമ്മിലൂടെ പ്രവർത്തിക്കാൻ കഴിയില്ല എന്നത് കൃത്യമായി നാം മനസ്സിലാക്കേണ്ട കാര്യമാണ്. പ്രിയമുള്ളവരെ, നമുക്ക് എന്തിലാണ് പുകഴുവാനായി ഉള്ളത്? പലപ്പോഴും നമ്മുടെ ലോകപരമായ വിദ്യാഭ്യാസത്തിലും ലോകത്തിലെ ജോലിയിലും അതുപോലെ തന്നെ സാമ്പത്തികമായ അവസ്ഥയിലും ഒക്കെ നാം പുകഴുന്നവരാണ്. എന്നാൽ നമുക്ക് ഈ ഭൂമിയിൽ സ്വയം പുകഴുവാനായി ഒന്നുമില്ല. നാം അരിഷ്ട മനുഷ്യരാണ്. നമുക്ക് പ്രശംസിക്കുവാനുള്ളത് നമ്മുടെ കർത്താവായ യേശുക്രിസ്തുവിലും അവന്റെ ക്രൂശിലും ആണ്. അരിഷ്ടതയുള്ള മനുഷ്യനെ ദൈവം കടാക്ഷിക്കുന്നു.

**2. മനസ്സു തകർന്നവൻ**

ദൈവം കടാക്ഷിക്കുന്ന ഹൃദയത്തിന്റെ രണ്ടാമത്തെ പ്രത്യേകതയാണ് മനസ്സ് തകർന്ന അവസ്ഥ. നാം സങ്കീർത്തനത്തിൽ വായിക്കുന്നത്: ‘ഹൃദയം നുറുങ്ങിയവർക്ക് യഹോവ സമീപസ്ഥൻ, മനസ്സ് തകർന്നവരെ അവൻ രക്ഷിക്കുന്നു’. ഇംഗ്ലീഷ് പരിഭാഷയിൽ ഇതിന് ഉപയോഗിച്ചിരിക്കുന്ന വാക്ക് Contrite എന്നാണ്. ഈ വാക്ക് സ്വയനീതി എന്ന പദത്തിന്റെ വിപരീത അർത്ഥമാണ്. അതായത് തകർന്ന മനസ്സിന്റെ ഉടമ. എന്തുകൊണ്ട് നാം തകരണം? ദൈവാലയത്തിലേക്ക് പ്രാർത്ഥിക്കുവാൻ പോയ പരീശന്റെയും ചുങ്കക്കാരന്റെയും ഉപമയിൽ കർത്താവ് ഇക്കാര്യം പറയുന്നുണ്ട്. ഈ ഉപമയിൽ പരീശൻ ഒരു സ്വയനീതിക്കാരനാണ്. അവൻ തന്റെസ്വയനീതി ദൈവസന്നിധിയിൽ ഉയർത്തി കാണിക്കുവനാണ് ശ്രമിക്കുന്നത്. താൻചെയ്യുന്ന കാര്യങ്ങൾ മുഖാന്തരം അവൻ നീതിമാൻ ആണെന്ന് അവൻ തന്നെ ദൈവസന്നിധിയിൽ പറയുകയാണ്.. ! ദൈവമക്കളായ നാം വളരെ സൂക്ഷിക്കേണ്ട ഒരു മേഖലയാണിത്. നാം രക്ഷിക്കപ്പെട്ടതിനുശേഷം നമ്മുടെജീവിതത്തിൽ അനേക കൃപകളും നന്മകളും ദൈവം ചൊരിഞ്ഞിട്ടുണ്ട്. എന്റെ വിശ്വസ്തതയുടെ ഫലമായിട്ടാണ്, എന്റെ നീതിയുടെ ഫലമായിട്ടാണ് ദൈവം ഇങ്ങനെ എനിക്ക് നന്മകൾ നൽകുന്നതും കൃപകൾ നൽകുന്നതും എന്റെ ശുശ്രൂഷകളാൽ പ്രയോജനം ഉണ്ടാകുന്നതും എന്ന് ഒരു തോന്നൽ നമുക്കുണ്ടാകാറുണ്ട്. ഇതുകൊണ്ടുള്ള പരാജയം എന്താണെന്ന് ചോദിച്ചാൽ ഇത് ഒരു സ്വയനീതിയുടെ ആവരണം നമ്മൾ സൃഷ്ടിക്കുന്നു. നന്മകൾ നമ്മുടെ ജീവിതത്തിൽ ഉണ്ടാകുമ്പോൾ നാം അറിയാതെ നമ്മിൽ പലരും സ്വയനീതിമാന്മാരായിതീരുകയാണ്. പലപ്പോഴും പലരുടെയും സാക്ഷ്യവാചകങ്ങളിൽ അങ്ങനെ കേൾക്കാൻ ഇടയായിട്ടുണ്ട്.

സ്വയനീതിയുടെ ആവരണം നമ്മിൽ ഉണ്ടായിക്കഴിഞ്ഞാൽ പിന്നീട് ദൈവത്തിന്റെ ശബ്ദം ശരിയായിട്ട് നമുക്ക് കേൾക്കാൻ കഴിയുകയില്ല. പിന്നീട് ഞാൻ എന്തെങ്കിലും പാപം ചെയ്താലും അതിന്റെ തീവ്രത എന്താണെന്ന് മനസ്സിലാക്കാൻ നമുക്ക് സ്വയം കഴിയുന്നില്ല കാരണം, ഞാൻ നീതിമാൻ ആണല്ലോ. പ്രിയമുള്ളവരെ, നാം നീതിമാന്മാരാണെന്നുള്ളത് ശരിയാണ്; കാരണം, ദൈവം നമ്മെ നീതികരിച്ചു; എന്നാൽ നമ്മുടെ ജീവിതത്തിൽ തുടർമാനമായി ശുദ്ധീകരണ പ്രക്രിയയിലൂടെ നാം കടന്നുപോകണം. കാരണം, “ശുദ്ധീകരണം കൂടാതെ ആരും കർത്താവിനെ കാണുകയില്ല” (എബ്രാ.12:14). അതുകൊണ്ട് നാം എപ്പോഴും കർത്താവിന്റെവരവ് വരെ അല്ലെങ്കിൽ നമ്മുടെ മരണം വരെ നാം തകർന്ന മനസ്സിന്റെ ഉടമകൾആയിരിക്കണം. നാം പരീശന്മാരെ പോലെ സ്വയനീതിമാന്മാരായി അധപ്പതിച്ചു പോകരുത്. ആ ചുങ്കക്കാരന്റെ മനോഭാവം എന്നും ഹൃദയത്തിൽ സൂക്ഷിക്കുവാൻ നമ്മുടെ കർത്താവ് നമ്മെ സഹായിക്കട്ടെ. ചുങ്കക്കാരൻ തന്റെ നിസ്സഹായ അവസ്ഥ സമ്മതിച്ചു മാറത്തടിച്ചു നിലവിളിച്ചപ്പോൾ അവൻ നീതീകരിക്കപ്പെട്ടവനായിവീട്ടിലേക്ക് പോയി. മറ്റവൻ അങ്ങനെയല്ല. അതുകൊണ്ട് നമ്മിലുള്ള സ്വയനീതിയുടെ ആവരണങ്ങൾ നീക്കം ചെയ്യുവാൻ സ്വർക്ഷത്തിലെ ദൈവം നമ്മെ സഹായിക്കട്ടെ. നമ്മുടെ ജീവിതത്തിൽ മനസ്സു തകർന്ന അവസ്ഥ തുടർമാനമായി സൂക്ഷിക്കുവാൻ സ്വർഗീയ പിതാവ് നമ്മെ സഹായിക്കട്ടെ.

**3. എന്റെ വചനത്തിങ്കൽ വിറക്കുന്നവൻ**

പ്രിയമുള്ളവരെ, ദൈവവചനത്തോടുള്ള നമ്മുടെ മനോഭാവം എന്താണ്? നാം തുടർമാനമായിട്ട് വചനം കേൾക്കുന്നുണ്ട്. എന്നാൽ വചനം നമ്മോട് സംസാരിക്കുന്നുണ്ടോ? ഈ വചനം നമ്മോട് ഇടപെടുന്നുണ്ടോ? അല്ലെങ്കിൽ നാം ദൈവവചനത്തോട് പ്രതികരിക്കാറുണ്ടോ? ന്യായാധിപന്മാരുടെ പുസ്തകം രണ്ടാം അധ്യായത്തിൽ യഹോവയുടെ ദൂതൻ യിസ്രായേലിനെ ശാസിക്കുന്നുണ്ട് (ന്യായ. 2:1-3). കാരണം ദൈവത്തിന്റെ നിയമം അവർ ലംഘിച്ചു. അവർ ആ ദേശനിവാസികളോട് ഉടമ്പടി ചെയ്യുകയും അതുമാത്രമല്ല അവരുടെ ബലിപീഠങ്ങൾ ഇടിച്ചു കളയാതിരിക്കുകയും ചെയ്തു. അതുകൊണ്ട് ദൂതൻ അവരോട് പറഞ്ഞു: അവർ നിങ്ങളുടെ വിലാപ്പുറത്തുമുള്ളായിരിക്കും. അവരുടെ ദേവന്മാർ നിങ്ങൾക്ക് കെണിയായി ഇരിക്കും. തുടർന്ന് നാം വായിക്കുന്നത്; “യഹോവയുടെ ദൂതൻ ഈ വചനം എല്ലാ യിസ്രായേൽ മക്കളോടും പറഞ്ഞപ്പോൾ ജനം ഉച്ചത്തിൽ കരഞ്ഞു. അവർ ആ സ്ഥലത്തിന് ബോഖീം (കരയുന്നവർ) എന്ന് പേരിട്ടു. അവിടെ യഹോവയ്ക്ക്യാഗം കഴിച്ചു”.

ഇവിടെ ദൈവത്തിന്റെ വചനം കേട്ടപ്പോൾ അവരുടെ ജീവിതത്തിൽ ഉടനടി പ്രതികരണം ഉണ്ടായി എന്ന് നാം കാണുന്നു. അവരുടെ ജീവിതത്തിൽ പെട്ടെന്ന് ഒരു തീരുമാനമെടുത്തു. ദൈവവചനം ഭയത്തോടും ഭക്തിയോടുംകൂടെ അവർ കേട്ടു; ജനം ഉച്ചത്തിൽ കരഞ്ഞു. ആ സ്ഥലമാണ് ബോഖീം എന്ന് അറിയപ്പെടുന്നത്. ഇന്ന് നാം ദൈവവചനം കേൾക്കുമ്പോൾ, അഥവാ വായിക്കുമ്പോൾ ദൈവം നമ്മോട് സംസാരിക്കുന്നുന്നതായി അനുഭവപ്പെടുന്നുണ്ടോ? നമ്മുടെ ജീവിതത്തിലെ പരാജയങ്ങളെ ദൈവം ചൂണ്ടിക്കാണിക്കാറുണ്ടോ? പ്രിയമുള്ളവരെ എന്താണ് നമ്മുടെ പ്രതികരണം? നാം എന്നാണ് അവസാനമായി ദൈവമുമ്പാകെ കരഞ്ഞത്? വചനത്തിൽ വിറയ്ക്കുന്നവരുടെ മധ്യത്തിൽ തീർച്ചയായിട്ടും ഒരു ബോഖീം ഉണ്ടാകും. ദൈവം കടാക്ഷിക്കുന്ന മനുഷ്യനിലുള്ള ഈ മൂന്ന് അളവുകൾ എന്നും കാത്തു സൂക്ഷിക്കുക. അങ്ങനെ അനുഗ്രഹിക്കപ്പെട്ട ഒരു ക്രിസ്തീയജീവിതം നയിക്കാൻ സ്വർഗ്ഗത്തിലെ ദൈവം നമ്മെ ഏവരെയും സഹായിക്കട്ടെ.

# ഇത് നിങ്ങൾക്ക് ഏതുമില്ലയോ? (വിലാ. 1:12)

കുഞ്ഞച്ചൻ തോമസ്, കുളത്തൂപ്പുഴ

യെരുശലേമിന്റെ നാശത്തെ കണ്ട് മനമുരുകിയുള്ള യിരെമ്യാവിന്റെ നിലവിളിയാണ് വിലാപങ്ങളുടെ പുസ്തകം. യിരെമ്യാവ് അഗാധമായ ദുഃഖത്തിലാണെങ്കിലും ദൈവത്തിന്റെ വിശ്വസ്തത വലിയത് എന്ന് മനസ്സിലാക്കി അവൻ ആശ്വസിക്കുന്നു. ദുഃഖത്തിൽ തളർന്നുപോകാതെ പ്രാർത്ഥനയിലൂടെ വിജയകരമാക്കാൻ ശ്രമിക്കുന്നു. ദൈവം സ്വന്തജനമായി തെരഞ്ഞെടുത്ത് ഓമനിച്ചു വളർത്തിയ യിസ്രായേൽ ജനം ദൈവത്തോട് ദുശാഠ്യം കാണിച്ച് ദൈവത്തിൽ നിന്നു അകന്നുപോയി യിരെ. 1:3-4. അവർ യഹോവയെ ഉപേക്ഷിച്ചു യിസ്രായേലിന്റെ പരിശുദ്ധനെ നിരസിച്ചു പുറകോട്ടു മാറിക്കളഞ്ഞിരിക്കുന്നു യിരെ. 2:13. അവർക്ക് ലഭിച്ച ഭൗതീക നന്മയിൽ ഉല്ലസിച്ച് പാപം ചെയ്ത് ദൈവത്തെ നിരസിച്ചു പിന്മാറിയപ്പോൾ ദൈവം വസിച്ചിരുന്ന യെരുശലേം ദൈവാലയം ശത്രുക്കളാൽ നശിപ്പിക്കപ്പെട്ടു. ഇതിൽ ദൈവത്തിന്റെ അഗാധമായ ദുഃഖം പ്രവാചകനിൽക്കൂടെ ജനത്തെ അറിയിക്കുന്നു. യെരുശലേം ലോകത്തിന്റെ മഹത്വവും അവർക്ക് ഒരിക്കലും മറക്കാൻ കഴിയാത്തതായിരുന്നു. “യെരുശലേമേ നിന്നെ ഞാൻ മറക്കുന്നെങ്കിൽ എന്റെ വലങ്കൈ മറന്നുപോകട്ടെ” (സങ്കീ. 137:5). യെരുശലേം മഹാരാജാവിന്റെ നഗരമാണ്. ഉത്തരഗിരിയായ സീയോൻ ഉയരംകൊണ്ട് മനോഹരവും സർവ്വഭൂമിയുടെയും ആനന്ദവുമാണ് (സങ്കീ. 48:2). സഹസ്രാബ്ദ വാഴ്ചയിൽ സഭയും ലോകത്തിന്റെ മുഴുവൻ ആനന്ദവിഷയമായിത്തീരും. കാരണം; അതിശയ വിഷയമായി കർത്താവ് കൂടെയുണ്ട്. യിരെ. 2:3, യിരെ. 18:18 -ൽ സീയോനിൽ ഉപദേശവും യഹോവയുടെ വചനവും ഉണ്ട്. പുരോഹിതന്റെ പക്കൽ ഉപദേശവും, ജ്ഞാനിയുടെ പക്കൽ ആലോചനയും, പ്രവാചകന്റെ പക്കൽ അരുളപ്പാടുമുണ്ട്. അവിടെ നാം ഉപദേശവും കേട്ടു പഠിക്കണം. ഉപദേശം സഭയിൽ നിന്നു പഠിക്കണം. ദൈവാലയത്തോട് ബന്ധപ്പെട്ടാണ് ഇവർ ഉള്ളത്. എന്നാൽ ഇന്ന് ദൈവാലയം ജാതികൾ ചവിട്ടി അശുദ്ധമാക്കപ്പെട്ടിരിക്കുന്നു. പഴയകാല നന്മയുടെ ഓർമ്മയിൽ ഇന്ന് നാം ഊറ്റം കൊള്ളുന്നു. വിശ്വാസികളിൽ ലോകമയത്വം കലർന്നു. പതിവുപോലെ കൂടിവരവുകളും പ്രവർത്തനങ്ങളും നടക്കുന്നുവെങ്കിലും ആത്മപ്രസരണമില്ല. ആത്മാക്കൾ രക്ഷിക്കപ്പെടുന്നില്ല. വിശ്വാസികൾ സാക്ഷ്യജീവിതം കാക്കുന്നില്ല. സകലജാതികളെയുംപോലെ തങ്ങളും ആയിത്തീരുന്നു. അതിൽ ആർക്കും ദുഃഖം തോന്നുന്നുമില്ല. എസ്രാ. 3:12-ൽ പുതിയ ആലയത്തിന് അടിസ്ഥാനമിട്ടതു കണ്ട പുത്തൻതലമുറ ആർത്തുഘോഷിച്ചു. പഴയ ആലയം കണ്ടിട്ടുള്ള വയോധികർ ഉറക്കെ കരഞ്ഞുപോയി. ഇന്ന് ആത്മീക പ്രവർത്തനങ്ങൾ ആഘോഷമായി നടക്കുന്നു. ലക്ഷങ്ങൾ ചെലവഴിച്ച് കൺവെൻഷനുകളും ക്യാമ്പുകളും മറ്റും നടത്തുന്നു. എന്നാൽ ആത്മാക്കൾ രക്ഷിക്കപ്പെടുന്നില്ല. കാരണം; പുറകിൽ കണ്ണുനീരില്ല. ഇന്ന് പണമുണ്ട്. പണ്ട് പണമില്ലെങ്കിലും കണ്ണീരിൽ കുതിർന്ന പ്രാർത്ഥനയും ഹൃദയനുറുക്കവും ഉണ്ടായിരുന്നു. അതിൽ ദൈവം പ്രസാദിച്ചു. ഇന്നത്തെ പ്രാർത്ഥനകൾ ഭാഷാഭംഗിയും കർത്താവിനെ പഠിപ്പിക്കുന്നതുമാണ്. ആ പ്രാർത്ഥന ദൈവസന്നിധിയിൽ എത്തുന്നില്ല എന്ന തിരിച്ചറിവ് നമുക്കുണ്ടാകണം. പ്രവാചകൻ ചോദിക്കുന്നു “ഇത് നിങ്ങൾക്ക് ഏതുമില്ലയോ”?

ഏറ്റവും ഫലവത്തായ കുന്നിന്മേൽ നല്ല നിലയിൽ മുന്തിരിവള്ളി നട്ടു. വേണ്ടതൊക്കെയും ഭംഗിയായി ചെയ്തിട്ട് ഫലത്തിനായി കാത്തിരുന്നു. കായിച്ചതോ കാട്ടുമുന്തിരിങ്ങ. യിരെ. 5:1-4, യിരെ. 2:19-21. യെരുശലേം ദൈവത്തിനു മഹത്വവും യിസ്രായേലിന് പ്രശംസയുമായിരുന്നു. എന്തെല്ലാം നന്മകൾ നൽകി അവരെ ദൈവം അനുഗ്രഹിച്ചിട്ടും അവർ ദുശാഠ്യം കാട്ടി പുറകോട്ടു മാറിക്കളഞ്ഞു പൊട്ടക്കിണറുകൾ കുഴിച്ചു യിരെ. 2:11 -13. അവൾ ജനപൂർണ്ണയും ലോകത്തിന്റെ റാണിയും, നായകിയായും വാണിരുന്നു. എന്നാൽ അവർ അഹങ്കരിച്ചു പാപം ചെയ്തതിനാൽ ദൈവത്വം അവളെ കൈവിട്ടു വിലാ. 1:1. ജനപൂർണ്ണയായിരുന്നവൾ ആരുമില്ലാത്തവിധവയെപ്പോലെ, ഊഴിയവേലക്കാരിയെപ്പോലെ ആയിത്തീർന്നത് എങ്ങനെ? അവളെ ആശ്വസിപ്പിപ്പാൻ ആരുമില്ലാതെ എല്ലാവരും അകന്നുമാറി. 1:2-21. അവൾ ഭാവികാലം ഓർത്തില്ല. അവർ ദൈവത്തിൽ നിന്നകന്നു. 1 പത്രോ. 4:17 -ൽ ന്യായവിധി ദൈവഗൃഹത്തിൽ ആരംഭിപ്പാൻ സമയമായി. 2019-2020 -ലെ കൊറോണാവ്യാധി ദൈവകോപത്തിന്റെ ഒരു ഭാഗമാണ്. പ്രവാചകൻ ചോദിക്കുന്നു ഇത് നിങ്ങൾക്ക് ഏതുമില്ലയോ? കൂടിവരവുകൾ മുടങ്ങി, ആരാധന മുടങ്ങി, പല സഭാഹാളുകളും അടഞ്ഞു, സഹോദരന്മാർ തമ്മിൽ കാണുന്നത് വിരളമായി, തമ്മിൽ ഹൃദ്യമായ കൂട്ടായ്മയില്ലാതായി. യാതൊരുവിധ ആത്മികപ്രവർത്തനങ്ങളും ഇല്ലാതായി. ഇത് നിങ്ങൾക്ക് ഏതുമില്ലയോ? വിലാ. 1:8 -ൽ യെരുശലേം കഠിനപാപം ചെയ്ത് മലിനയായിരിക്കുന്നു. അവൾ ശത്രുക്കളാൽ പിടിക്കപ്പെട്ടു. ദൈവാലയം ഇടിച്ചു അതിലുള്ളതൊക്കെയും കവർച്ചയായിപ്പോയി. വാതിൽ ചുട്ടെരിക്കപ്പെട്ടു. എത്ര ശോചനീയാവസ്ഥ! മോവാബ്യരും അമ്മോന്യരും യെരുശലേമിൽ കയറിയിറങ്ങി. യെരുശലേം ജാതികളാൽ ചവിട്ടപ്പെട്ടു. എല്ലാവരും നിർവിചാരികളായി കടന്നു പോകുന്നു. ഈ സ്ഥിതി കണ്ടിട്ട് ആർക്കും ഒരു വിഷമവും ഇല്ല. ഒന്നിനും ഒരു കുറവുമില്ല. അനാത്മീകർ സഭകളിൽ കടന്ന് കർത്തൃത്വം നടത്തുന്നു. സഭ ദൈവമക്കളില്ലാതെ ശോഷിക്കുന്നു. അതിനിടയിൽ ആത്മീകരായ ചുരുക്കം ചിലർ ഹൃദയം നുറുങ്ങി കണ്ണീരൊഴുക്കുന്നെങ്കിലും അവർക്ക് ഒന്നും ചെയ്യാൻ കഴിയുന്നില്ല. അനാത്മികർ തങ്ങളുടെ കുടുംബബലവും കഴിവും, സ്വാധീനവും കൊണ്ട് ജനത്തെ അടക്കിനിർത്തുന്നു. ദൈവജനം ലോകത്തിന് അനുരൂപമായി മാറിക്കൊണ്ടിരിക്കുന്നു. ഇന്നത്തെ സ്ഥിതികണ്ട് പ്രവാചകൻ ചോദിക്കുന്നു. നിങ്ങൾക്ക് ഇത് ഏതുമില്ലയോ?

▶▶ ശേഷം 6-ാം പേജിൽ

## മഹത്വത്തിൽ



**പുന്നപ്ര, ആലപ്പുഴ** : പുന്നപ്ര ബ്രദറൺ സഭാംഗം സഹോദരൻ **പി. ബി. ജോസി (48)** ജൂലൈ 26 ന് ഒരപകടത്തെത്തുടർന്ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം അന്നേ ദിവസം ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പുന്നക്കാട്, കോഴഞ്ചേരി** : നിത്യതയിൽ വിശ്രമിക്കുന്ന സഹോ. എ.റ്റി. ഏബ്രഹാമിന്റെ സഹധർമ്മിണി കോഴഞ്ചേരി ബ്രദറൺ സഭാംഗം **ഏലിയാമ്മ ഏബ്രഹാം (93)** ജൂലൈ 29 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ആഗസ്റ്റ് 1 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം പുല്ലാട് എബനേസർ ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**മാമലശ്ശേരി, എറണാകുളം** : സഹോ. **പൈലി തൊമ്മൻ (85)** ആഗസ്റ്റ് 1 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ആഗസ്റ്റ് 7 ന് മാമലശ്ശേരി ബ്രദറൺ അസംബ്ലി ഹാളിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. നിത്യതയിൽ വിശ്രമിക്കുന്ന സഹോദരൻ പി.റ്റി ജോൺ മാമലശ്ശേരി തന്റെ ഇളയ സഹോദരൻ ആയിരുന്നു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**കല്ലിശ്ശേരി** : നിത്യതയിൽ വിശ്രമിക്കുന്ന സഹോ. എം.സി. ജയിംസിന്റെ സഹധർമ്മിണി **അമ്മിണി ജെയിംസ് (81)** ആഗസ്റ്റ് 8 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ആഗസ്റ്റ് 11 ന് കല്ലിശ്ശേരി ഈസ്റ്റ് ബ്രദറൺ സഭയുടെ ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**തൂക്കുപാലം, ഇടുക്കി** : സഹോദരി **അമ്മിണി കുരിയാക്കോസ് (86)** ആഗസ്റ്റ് 9 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ആഗസ്റ്റ് 10 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**കാങ്കർ, ഛത്തീസ്ഗഡ്** : സുവി. **ഒ.എസ്. ഏലിയാസ് (63)** ജൂലൈ 30 ന് തൃശൂരിൽ നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജൂലൈ 31 ന് സഹോ. കെ.വി. ജേക്കബിന്റെ ഭവനത്തിൽ നടന്ന പഴയന്നൂർ പാടം ബ്രദറൺ സഭയുടെ ശുശ്രൂഷകൾക്കുശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. താൻ 25 വർഷമായി കാങ്കറിൽ കർത്താവിന്റെ വേലയിൽ ആയിരുന്നു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**കായനാട്, മൂവാറ്റുപുഴ** : കായനാട് ക്രിസ്ത്യൻ ബ്രദറൺ സഭാംഗം, നിത്യതയിൽ വിശ്രമിക്കുന്ന സഹോ. എ.എസ്. യോഹന്നാന്റെ സഹധർമ്മിണി **സാറാമ്മ യോഹന്നാൻ (85)** ജൂലൈ 29 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജൂലൈ 30 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം വാളകം ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**മാമലശ്ശേരി, എറണാകുളം** : നിത്യതയിലായിരിക്കുന്ന സഹോദരൻ റ്റി.എസ്. തോമസിന്റെ സഹധർമ്മിണി **ലില്ലി തോമസ് (85)** ആഗസ്റ്റ് 10 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ആഗസ്റ്റ് 11 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം മാമലശ്ശേരി ബ്രദറൺ ചർച്ച് സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.




**പാതിരപ്പള്ളി** : പാതിരപ്പള്ളി ക്രിസ്ത്യൻ ബ്രദറൻ സഭാംഗം സഹോ. **ജിബു ജോസഫ് (52)** ആഗസ്റ്റ് 5 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ആഗസ്റ്റ് 6 ന് ശുശ്രൂഷകൾക്ക് ശേഷം കളപ്പുര അസംബ്ലി സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**തുമ്പമൺ, അടൂർ** : തുമ്പമൺ നോർത്ത് ബ്രദറൺ സഭാംഗം സഹോദരി **ദീനാമ്മ എം.ജെ. (45)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ആഗസ്റ്റ് 12 ന് ഭവനത്തിലെ ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**കുന്നംകുളം, തൃശൂർ** : സഹോദരൻ **ഫിലിപ് ജോഷുവാ (82)** ജൂലൈ 29 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ആഗസ്റ്റ് 1 ന് ഭവനത്തിൽ നടന്ന ശുശ്രൂഷകൾക്ക് ശേഷം കുന്നംകുളം നാഗൽ മെമ്മോറിയൽ ബ്രദറൺ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**പുതുപ്പള്ളി, കോട്ടയം** : സഹോ. **കെ. എ. മോസസ് (77)** ജൂലൈ 31 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ആഗസ്റ്റ് 2 ന് പുതുപ്പള്ളി ബ്രദറൺ അസംബ്ലി ഹാളിലെ ശുശ്രൂഷകൾക്കുശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ബാംഗ്ലൂർ** : സഹോദരൻ **ജേക്കബ് മാത്യു** പണിക്കമ്മൊട്ട് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ആഗസ്റ്റ് 7 ന് ശുശ്രൂഷകൾക്ക് ശേഷം സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ചെറുപുഴ, കണ്ണൂർ** : സഹോദരൻ **ജോസഫ് യു.സി.** ആഗസ്റ്റ് 4 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ആഗസ്റ്റ് 5 ന് ഭനത്തിലെ ശുശ്രൂഷകൾക്ക് ശേഷം ചെറുപുഴ ബ്രദറൺ സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**തൃക്കണ്ണമംഗൽ, കൊട്ടാരക്കര** : തൃക്കണ്ണമംഗൽ ബ്രദറൺ പ്രയർ ഹാൾ സഭാംഗം സഹോദരൻ **ജേക്കബ് പി. സാം (68)** ആഗസ്റ്റ് 11 ന് നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ഓഗസ്റ്റ് 15 ന് ശുശ്രൂഷകൾക്ക് ശേഷം സഭാസെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.



**ഹൂസ്റ്റൺ** : സഹോ. വി. കെ. ഏബ്രഹാമിന്റെ സഹധർമ്മിണി **റോസമ്മ ഏബ്രഹാം (73)** നിത്യതയിൽ ചേർക്കപ്പെട്ടു. ഭൗതീകശരീരം ജൂലൈ 1 ന് സുഗാർലാൻഡ് ബ്രദറൺ സഭയുടെ ശുശ്രൂഷകൾക്ക് ശേഷം ക്രിസ്ത്യൻ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖഭവനത്തെ പ്രാർത്ഥനയിൽ ഓർക്കുക.

4-ാം പേജ് തുടർച്ച

## നല്ല ഇടയൻ

ആടിനെ രക്ഷിച്ച് തന്റെ തോളിലെടുത്തു വീട്ടിലേയ്ക്കു കൊണ്ടുവന്നു.

ഒരു ആത്മാവിന്റെ വീണ്ടെടുപ്പ് വിലയേറിയതാണ്, അത്ഭുതമാണ്. ഒരു ജ്വലറി ഉടമയുടെ കടയ്ക്കു തീ പിടിച്ചു. സ്വർണ്ണവും രത്നവും, വിലയേറിയ കല്ലുകളെല്ലാം ഉരുകിപ്പോയി. അതുപോലെ കർത്താവിന്റെ കരുണ പാപികളിലേയ്ക്ക് ചൊരിഞ്ഞു. നിത്യമായ രക്ഷ ദാനം ചെയ്തു. ഒരാളിനെ വീണ്ടെടുക്കുവാനായി സ്വർഗ്ഗത്തിലെ സകല മഹത്വവും, കൃപയും ദാനം ചെയ്ത ദൈവസ്നേഹം നിസ്സീമമാണ്. സകല കഴിവും ഉപയോഗിച്ച് നാശത്തിൽ നിപതിച്ചുകൊണ്ടിരിക്കുന്ന അനേകരെ വീണ്ടെടുക്കുന്നതാണ് ദൈവപ്രസാദം.

പച്ചമേച്ചിലിൽ വിശ്രമിക്കുന്ന തൊണ്ണൂറ്റി ഒൻപതു ആടുകളേക്കാളും നഷ്ടപ്പെട്ട ഒരാടിനെക്കുറിച്ചാണ് ഇടയന്റെ വിചാരം. തൊണ്ണൂറ്റി ഒമ്പതും ഇടയനു വിലയേറിയതാണ്. എന്നാൽ നഷ്ടപ്പെട്ടത് തിരികെ ലഭിക്കുമ്പോൾ ഏറെ സന്തോഷമുണ്ടാകും. രക്ഷയുടെ സന്തോഷം പൂർണ്ണമായും രക്ഷിക്കപ്പെട്ട ദൈവപൈതൽ അനുഭവിക്കുന്നു. ഇന്ന് ഇടയന്റെ കാൽപ്പാടുകളിൽ മാത്രം നോക്കി അനുഗമിക്കുകയാണ്. നഷ്ടപ്പെട്ടുപോയ ആടിനെ തിരികെ ലഭിച്ചപ്പോൾ ഇടയന്റെ സന്തോഷത്തിന് അതിരില്ലായിരുന്നു. മറ്റു ആടുകളും ഈ സന്തോഷത്തിൽ പങ്കുചേരണമെന്ന് ഇടയൻ ആഗ്രഹിച്ചു. സഭാകൂടിവരവുകളിൽ നിന്നും വീണുപോയാൽ പശ്ചാത്തപിച്ചു മടങ്ങിവരുന്ന ആളിനെ സന്തോഷത്തോടെ സ്വീകരിക്കണം.

ദൈവം നമ്മെ വിളിച്ചിരിക്കുന്നത് സുവിശേഷം മറ്റുള്ളവരെ അറിയിക്കുന്നതിനുവേണ്ടിയാണ്. വിശ്വാസികളെല്ലാവരും കർത്താവിന്റെ മിഷ്യനറിമാരാണ്. വലിയ ഒരു കൂട്ടത്തോടെ പ്രസംഗിക്കുന്നതിനേക്കാളും വ്യക്തികളോടു സുവിശേഷം അറിയിക്കുന്നതാണ് കൂടുതൽ അഭികാമ്യം. എല്ലാ സഭകളിലും മിഷ്യനറി പ്രവർത്തനത്തിനുള്ള താല്പര്യമുണ്ടായിരിക്കണം. ലോകത്തിലെ ഭൂഖണ്ഡത്തിൽ എവിടെയാണെങ്കിലും നാശത്തിലേയ്ക്കു പോകുന്ന ഒരാളിനെ നേടണം. എണ്ണത്തിലല്ല പ്രാധാന്യം. ആഫ്രിക്കയിലെ അപരിഷ്കൃതരും ന്യൂഗനിയയിലെ നരഭോജികളും രക്ഷിക്കപ്പെടണം. പ്രിയ വിശ്വാസികളെ, നിങ്ങളിൽ ചിലരെങ്കിലും വിദൂരദേശങ്ങളിൽ കിടക്കുന്നവരെ ഓർക്കണം. ദൈവം സഹായിക്കട്ടെ. ●

**വിവർത്തനം : സ്കറിയാ വർഗ്ഗീസ്, കളമശ്ശേരി**

5-ാം പേജ് തുടർച്ച

## ഇത് നിങ്ങൾക്ക് ഏതുമില്ലയോ? (വിലാ. 1:12)

പല സഭകളിലും ആധുനികവൽക്കരണം വന്നു. ആത്മികർ മാറ്റപ്പെടുന്നു. നാം ആൾകുറഞ്ഞവരായി മാറുന്നു. ലോകത്തിന് കുത്തുകാഴ്ചയാകുമോ എന്ന് സംശയിക്കുന്നു. നാം ഉണരുവാൻ കാലം അതിക്രമിച്ചിരിക്കുന്നു. എപ്പോൾ എഴുന്നേല്ക്കും? പ്രവാചകൻ ഓർമ്മിപ്പിക്കുന്നു. ഇത് നിങ്ങൾക്ക് ഏതുമില്ലയോ? യിരെ. 6:4 -ൽ അയ്യോ, നേരം വൈകി, നിഴൽ നീണ്ടുപോയി. മടങ്ങിവരാൻ സമയം കഴിഞ്ഞു. ആരും ഗണ്യമാക്കുന്നില്ല. യിരെ. 8:7 -ൽ "പെരുഞ്ഞാറ തന്റെ കാലം അറിയുന്നു. കൊക്കും, മീവൽ പക്ഷിയും, കുറുപ്രാവും മടങ്ങിവരവിനുള്ള സമയം അനുസരിക്കുന്നു. എന്റെ ജനമോ യഹോവയുടെ ന്യായം അറിയുന്നില്ല" യെശ. 1:2-4. കേവലം ജീവികൾ ദൈവത്തെ അനുസരിക്കുമ്പോൾ വീണ്ടെടുക്കപ്പെട്ട ജനം ആത്മികത്വം ഉപേക്ഷിച്ച്, ഭൗതികത്വത്തിന് പ്രാധാന്യം കൊടുത്ത് ദൈവത്തെ മാനിക്കാതെ ഭൗതീകലാഭം ലക്ഷ്യമിട്ട് പല പ്രവർത്തനങ്ങളും ആത്മികവൽക്കരിച്ച് മറ്റുള്ളവരുടെ കണ്ണിൽ പൊടിയിട്ടു ചേർത്തു നിർത്തുന്നു. അതിനായി പല കുറുക്കുവഴികളും കണ്ടുപിടിക്കുന്നു. സാമ്പത്തികവും, വാക്ചാതുര്യവും, കാര്യപ്രാപ്തിയും, സ്വാധീനവും കൊണ്ട് പലരെയും വശത്താക്കി ഭരണം നടത്തുന്നു. ഇത് നിങ്ങൾക്ക് ഏതുമില്ലയോ? നിഴൽ നീണ്ടു നേരം വൈകി. കൊടിയൊരു രാത്രി വരാൻ പോകുന്നു യോഹ. 9:4. "കൊയ്ത്തുകഴിഞ്ഞു ഫലശേഖരവും കഴിഞ്ഞു. നാം രക്ഷിക്കപ്പെട്ടതുമില്ല".

വിലാ. 4:1 അയ്യോ; പൊന്നു മങ്ങിപ്പോയി നിർമ്മല തങ്കം മാറിപ്പോയി. യെരുശലേമിന്റെ മുൻകാലമഹത്വവും ഇപ്പോഴത്തെ നിന്ദ്യമായ അവസ്ഥയും തമ്മിൽ പ്രവാചകൻ താരതമ്യം ചെയ്യുന്നു. പൊന്നുപോലെ ശോഭിച്ചിരുന്ന യെരുശലേം ഉടഞ്ഞ മൺപാത്രം പോലെയായി. മത്താ. 27:39 -ൽ കടന്നുപോകുന്നവർ തലകുലുക്കി നിന്ദിച്ചു, പരിഹസിച്ചു. നമ്മുടെ പാപപരിഹാരത്തിനായി കർത്താവ് ഏറ്റ പങ്കപ്പാടുകൾ എത്ര ഭയങ്കരം. മറ്റുള്ളവർ അവനെ പരിഹസിച്ചു നിരസിക്കുമ്പോൾ നാം ജീവിതം കൊണ്ട് അവനെ നിന്ദിക്കുന്നവരോ? അവൻ ക്രൂശിൽ ചൊരിഞ്ഞ രക്തത്താൽ ആണ് നമുക്ക് രക്ഷ ഒരുക്കിയത്. ഇത് നമുക്ക് ഏതുമില്ലയോ? യെശ. 52:14, 53:2-3. അവന്റെ രൂപം കണ്ടാൽ ആളല്ല എന്നും, ആകൃതി കണ്ടാൽ മനുഷ്യനല്ല എന്നും തോന്നുമാറ് വിരൂപമാക്കപ്പെട്ടു. അവനെ കാണുന്നവർ സ്തംഭിച്ചു പോകത്തക്കവണ്ണം ശത്രുക്കളാൽ അടിക്കപ്പെട്ടു, കഷ്ടാനുഭവങ്ങളാൽ തികഞ്ഞവനായിത്തീർന്നു. സർവ്വാംഗസുന്ദരനായവൻ, ആയിരങ്ങളിൽ, പതിനായിരങ്ങളിൽ സുന്ദരനും ശ്രേഷ്ഠനുമായവൻ നമ്മെ ഓർത്ത് കോമളത്വമില്ലാത്തവനായി. ആ വിധം നമ്മുടെ വീണ്ടെടുപ്പു സാധിപ്പിച്ചു. ഇത് നമുക്ക് ഏതുമില്ലയോ? പിന്മാറ്റത്തിൽ നിന്നു മടങ്ങി വരാം. നമ്മെ വീണ്ടെടുത്ത കർത്താവിനെ എതിരേല്പാൻ ഉണർന്നും ജാഗ്രതയും ഉള്ളവരായി ഒരുങ്ങിയിരിക്കാം. നമ്മുടെ കർത്താവ് വേഗം വരും. പ്രത്യാശയോടെ കാത്തിരിക്കാം. ●

ചിന്ത TVS

## പാസ്റ്റർ, താങ്കളുടെ പ്രസംഗത്തിലും ശുശ്രൂഷയിലും എന്തോ തകരാറുണ്ട്

ദൈവത്തിനുവേണ്ടി നാം ചെയ്യുന്ന ഓരോ പ്രവർത്തനവും കൊണ്ട് യാതൊരു ഗുണവും ഇല്ലല്ലോ എന്ന് ഫലങ്ങൾ കാണാഞ്ഞതുകൊണ്ട് നമുക്ക് തോന്നിയേക്കാം. ഈ ദേവാലയത്തിലെ പാസ്റ്റർ അല്പം പ്രായമുള്ള ഒരു വ്യക്തിയാണ്. കഴിഞ്ഞവർഷം താൻ പ്രവർത്തിച്ചിട്ട് ആരും ഈ സഭയിലേക്ക് പുതുതായി കടന്നുവന്നിട്ടില്ല. സഭയിൽ പ്രസംഗിച്ചിട്ടും വേണ്ടതുപോലെ വിശ്വാസികളും ശരിയാകുന്നില്ല. എന്നാൽ നാം നമ്മുടെ സേവനത്തിൽ വിശ്വസ്തരെങ്കിൽ നാം നടുന്നതിനെ വളരുമാറാക്കുന്നത് ദൈവം ആണ്. സഭയിൽ വന്നിരുന്ന് ദൈവവചനശുശ്രൂഷ അഥവാ ദൈവത്തിന്റെ അരുളപ്പാടുകൾ കേൾക്കുമ്പോൾ ചിലർക്ക് അരോചകവും മറ്റു ചിലർക്ക് തേനിനെക്കാൾ മധുരകരമായ അനുഭവവും നൽകിയെന്ന് വരാം. ചിലർക്ക് അവരുടെ സങ്കടത്തിലും പരിശോധനയിലും വളരെ ആശ്വാസമായിത്തീരുകയും ചെയ്യും. ദൈവവചനത്തോടുള്ള അവരുടെ വ്യത്യസ്തമായ കാഴ്ചപ്പാടിന്റെ നിലവാരം ആണ് അത് വെളിപ്പെടുത്തുന്നത്.

ഒരു ഞായറാഴ്ച രാവിലെ സഭാചുമതലക്കാരിൽ ഒരാൾ അവരുടെ പ്രായം ചെന്ന പാസ്റ്ററെ ഇപ്രകാരം കുറ്റപ്പെടുത്തുകയുണ്ടായി. പാസ്റ്ററെ വിളിച്ച് അദ്ദേഹം ഇങ്ങനെ പറഞ്ഞു "താങ്കളുടെ പ്രസംഗത്തിലും പ്രവർത്തനത്തിലും എന്തോ തകരാറുണ്ട്. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ ഒരാൾ മാത്രമാണ് സഭയിലേക്ക് ചേർന്നുവന്നത്. അതുതന്നെയും ഒരു ബാലനായിരുന്നു" ഇത് കേട്ടപ്പോൾ അദ്ദേഹത്തിന്റെ കണ്ണുകൾ നിറഞ്ഞു. ചുണ്ടുകൾ വിറയ്ക്കാൻ തുടങ്ങി. പാസ്റ്റർ പറഞ്ഞു "എനിക്കറിയാം എന്നാൽ എന്റെ കർത്തവ്യം നിറവേറ്റുവാൻ ഞാൻ വളരെ ആത്മാർത്ഥതയിൽ ശ്രമിച്ചിട്ടുണ്ട് എന്ന് ദൈവം അറിയുന്നു". അന്നേദിവസം വളരെ ഹൃദയഭാരത്തോടെയാണ് പാസ്റ്റർ തന്റെ ജനത്തെ അഭിമുഖീകരിച്ച് തന്റെ സന്ദേശം അവസാനിപ്പിച്ചത്. സഭാമൂപ്പന്റെ വാക്കുകൾ കേട്ടപ്പോൾ താൻ രാജിവെയ്ക്കുന്നതാണ് നല്ലതെന്നുള്ള ശക്തമായ പ്രേരണ അദ്ദേഹത്തിന്റെ മനസ്സിൽ രൂപം കൊണ്ടു. എല്ലാവരും പോയിക്കഴിഞ്ഞപ്പോൾ അന്നത്തെ ശുശ്രൂഷ ഒരു ബാലന്റെ മനസ്സിന് വലിയ മാറ്റം വരുത്തി. ആ ബാലൻ പാസ്റ്ററെ സമീപിച്ച് ചോദിച്ചു. പാസ്റ്റർ ഞാൻ വളരെ ബുദ്ധിമുട്ടി പഠിക്കുകയാണെങ്കിൽ എനിക്ക് ഒരു സുവിശേഷകനോ, മിഷനറിയോ ആയിത്തീരാൻ സാധിക്കുമോ? പാസ്റ്ററുടെ കണ്ണുകൾ വീണ്ടും നിറഞ്ഞു. അദ്ദേഹം ഇങ്ങനെ പറഞ്ഞു "ഹ എന്റെ ഹൃദയത്തിന്റെ വേദനക്ക് ആശ്വാസം ലഭിച്ചിരിക്കുന്നു". എന്നിട്ട് ബാലനോട് റോബർട്ടേ, ദൈവകരം നിന്നിൽ പ്രവർത്തിക്കുന്നതായി ഞാൻ കാണുന്നു. ദൈവം നിന്നെ അനുഗ്രഹിക്കട്ടെ. മകനെ; നീ ഒരു സുവിശേഷകനാകും എന്ന് ഞാൻ വിശ്വസിക്കുന്നു. പ്രാർത്ഥിച്ച് അവനെ അയച്ചു. ചില വർഷങ്ങൾക്കുശേഷം ആഫ്രിക്കയിൽ വേല ചെയ്തുകൊണ്ടിരുന്ന ഒരു മിഷനറി ലണ്ടനിലേക്ക് മടങ്ങിവന്നു. വളരെ ആദരവോടെയാണ് ജനങ്ങൾ അദ്ദേഹത്തെ സ്വീകരിച്ചത്. പ്രഭുക്കന്മാർ തങ്ങളുടെ ഭവനങ്ങളിലേക്ക് ക്ഷണിക്കുകയും ബഹുമാനിക്കുകയും ചെയ്തു. തന്റെ വേല നിമിത്തം അനേകരെ ദൈവസഭയിലേക്ക് ആദായപ്പെടുത്തിയിരുന്നു. ആ കൂട്ടത്തിൽ ആഫ്രിക്കയിലെ ചില കിരാതവർഗ്ഗ തലവന്മാരും ഉണ്ടായിരുന്നു. ആ മിഷ്യനറിയുടെ പേര് റോബർട്ട് എന്നായിരുന്നു. അതെ. സ്കോട്ട്ലണ്ടിലെ ആ പഴയ ദേവാലയത്തിലെ പാസ്റ്ററോട് ഞാൻ ബുദ്ധിമുട്ടി പഠിച്ചാൽ ഒരു മിഷ്യനറിയാകുമോ എന്ന് ചോദിച്ച ആ ബാലൻ ആയിരുന്നു ഈ റോബർട്ട്. പാസ്റ്ററുടെ പ്രസംഗത്തിൽ ബാലന്റെ ഹൃദയത്തിൽ പ്രവർത്തിച്ചതിന്റെ പ്രതിഫലം ആണ് നാം കണ്ടത്. അല്പം താമസിച്ചാലും പ്രതിഫലം ദൈവം തരും.

ദൈവത്തിന്റെ വയലിൽ അദ്ധ്വാനിച്ചവർ തന്റെ വേലയുടെ ഫലം അപ്പോൾ കണ്ടില്ലെങ്കിലും അല്പം താമസിച്ചാലും പ്രതിഫലം തരാൻ മറക്കുന്നവനല്ല നമ്മുടെ ദൈവം. ഒരു പാനപാത്രം വെള്ളം കൊടുത്താൽ പോലും പ്രതിഫലം തരുന്നവനാണ് സർവ്വശക്തനായ നമ്മുടെ ദൈവം. പാസ്റ്ററുടെ ശുശ്രൂഷയെ സഭയിലെ മൂപ്പൻ നിസ്സാരമായി കരുതി മുഖത്തുനോക്കി അങ്ങനെ പറഞ്ഞു. എങ്കിലും തന്റെ പ്രസംഗത്താൽ ബാലന്റെ ഹൃദയത്തെ ചലിപ്പിച്ച ദൈവം അനേക പ്രതിഫലം ആ ബാലൻ മൂലം കൊയ്തെടുക്കുവാൻ ഇടയായി. ആകയാൽ ദൈവത്തിന്റെ വയലിൽ അദ്ധ്വാനിക്കുന്നവരെ അപവാദം പറയുന്ന ശത്രുവിന്റെ വാക്കിൽ നിരാശരാകാതെ പ്രതിഫലത്തിന്റെ ഉടമസ്ഥനായ കർത്താവിൽ ആശ്രയിച്ച് പ്രവർത്തിക്കാം. പ്രതിഫലം നമ്മെ പിന്തുടരും. നിത്യതയിൽ നിത്യതേജസ്സിന്നായി ഇടവരും. നമ്മുടെ പ്രയത്നം കർത്താവിൽ വ്യർത്ഥമല്ല എന്നറിവിൽ. ഉറപ്പും ധൈര്യവും ഉള്ളവരായിരിപ്പിൻ കർത്താവ് വിശ്വസ്തൻ. അവനിൽ നമ്മുടെ ആശ്രയം ആയിരിക്കട്ടെ. ●


**SUVISESHADHWANI**

Fortnightly
Vol. 41 Issue 50
Single Copy Rs. 10/-
Annual Subscription
India Rs. 200/-
Envelope Postage Rs. 3000/-
Please send news and articles to
Chief Editor:
**Sam Zacharia**
H. No. 56/ NV Nagar,
Peroorkada P.O.
Thiruvananthapuram - 695 005.
Tel. +91 9446684828
email: svdtvm2019@gmail.com

*Send your money orders to:*
Managing Editor:
**Joykumar V.K.**
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695 121
Tel. +91 9446022942

Associate Editor :
**Samuel Thomas**, Cheppad
Tel. +91 9495162788

Sub Editors:
**John Joseph** (South Division)
Tel. +91 9496465298
**A.D. James** (North division)
Tel. +91 9446814115
**John Mathews P.** (Malabar Division)
Tel. +91 9605962095
**K.V. Jose** (High Range Division)
Tel. +91 8606083652
Circulation Manager :
**Spurjan K.J.** Balaramapuram
Tel. +91 9495131875



**REGISTERED**
Reg. No. RN 29475/1978
Postal Reg. No. KL/TV(S)/396/2022-24
Licence No: KL/TV(S)/WPP/251/2022-24
Licensed to Post without prepayment
Date of Publishing: 19-08-2023
If undelivered please return to:
Managing Editor
Suviseshadwani
Sharon, Pirayummoodu,
Neyyattinkara P.O.
Thiruvananthapuram - 695121.




Printed & Published by Sam Zacharia on behalf of General Y.M.E.F & Printed at : Color Scan, Trivandrum & Published at H. No. 56/ NV Nagar, Peroorkada P.O. Thiruvananthapuram - 695 005. Editor: Sam Zacharia. Design:printechoffset,Trivandrum